# വിവേകോദയം

"ശ്രീനാരായണധർമ്മപരിപാലനയോഗം" വക ഒരു മാസാന്തപുസ്തകം.

VIVEKODAYAM.

THE ORGAN OF THE S. N. D. P. YOGAM.

PUBLISHED MONTHLY

| പുസ്തകം 6. | 1085 മീനം. | നമ്പർ 12. |
|---|---|---|


## മഹാന്മാരുടെ വിചാരങ്ങളും ഉപദേശങ്ങളും.

ഒരു വാസ്തവമഹാന്റെ ഒന്നാമത്തെ ലക്ഷണം വിനയമാണ്.

റസ്കിൻ.

നാം ഇപ്പോൾ എങ്ങിനെ എല്ലാമിരിക്കുന്നുവോ അതൊക്കെ നമ്മുടെ മുമ്പിലത്തെ വിചാരങ്ങളുടെ ഫലമത്രേ.

ബുദ്ധൻ

അന്യന്മാർക്കുവേണ്ടി നമുക്കു എന്തുചെയ്യാൻകഴിയുമോ അതാകുന്നു നമ്മുടെ ശക്തിയുടെ ലക്ഷണം; അന്യന്മാർക്കുവേണ്ടി നമുക്കു എന്തു സഹിപ്പാൻകഴിയുമോ നമ്മുടെ സ്നേഹത്തിന്റേയും ലക്ഷണം അതാകുന്നു.

ബിഷപ്പ വെസ്റ്റ്കോട്ട

കുററംപൊറുപ്പാൻകഴിയാത്ത സ്നേഹം നിത്യമായ നരകംതന്നെ, പരസ്പരം കുററംപൊറുക്കുന്നതു സ്വർഗ്ഗത്തിന്റെ ദ്വാരവുമാകുന്നു.

വില്യംബ്ലേക്ക്

ലോകത്തുള്ള സകല ഐശ്വര്യങ്ങളുമുണ്ടായിരുന്നാലും ഒരു ചീത്തമനുഷ്യൻ കഷ്ടസ്ഥിതിയിൽതന്നെ ഇരിക്കും. ഒരു സൽപുരുഷനാകട്ടെ, എല്ലാപ്രകാരത്തിലും ഉപദ്രവിക്കപ്പെട്ടാലും ദുഃഖിതനാകയില്ല; പരിഭ്രാന്തനായാലും നിരാശനാകയില്ല. ബന്ധിതനായാലും ത്യക്തനാകയില്ല; പതിതനായാലും നഷ്ടനാകയുമില്ല.

പ്ലേറ്റോ.

മനസ്സിന്റെ ശുദ്ധത, അതായതു വക്രതയില്ലായ്മ ഒരുത്തന അവന്റെ കഴിഞ്ഞ അനേകജന്മങ്ങളിലെ ഏറിയോരു തപസ്സുകളുടേയും അനുഷ്ഠാനങ്ങളുടേയും പുണ്യഫലമാകുന്നു.

ര. മകൃഷ്ണപരമഹംസർ

---

## വിവേകാനന്ദസ്വാമി അവർകളുടെ ഒരു കത്ത്.

---

യു- എസ്- എ-

൨൫- സെപ്റ്റംബർ ൧൮൯൪-

പ്രിയമുള്ള കേ-,

ഇത്രവേഗത്തിൽ നിങ്ങൾ സന്ന്യസിച്ചുകളവാൻ തീർച്ചയാക്കിയതായറിയുന്നതിൽ ഞാൻ വളരെ വ്യസനിക്കുന്നു. വൃക്ഷത്തിന്റെ ഫലം പാകമാകുമ്പോൾ അതിൽനിന്നുവീഴുന്നു. അതുകൊണ്ടു സമയംവരുന്നതുവരെ നിങ്ങൾ കാത്തിരിക്കണം. ധൃതിപ്പെടരുത്. തന്നെയല്ല അവിവേകം പ്രവൎത്തിച്ചിട്ടു മററുള്ളവരെ കഷ്ടത്തിലാക്കുന്നതു് ആൎക്കും ന്യായമല്ലാത്തതുമാണ്. കാത്തിരിക്കുക, ക്ഷമയോടുകൂടിയിരിക്കുക, സമയത്തു എല്ലാം ശരിയായിവരും.

ആശീൎവാദങ്ങളോടുകൂടി

നിങ്ങളുടെ വിവേകാനന്ദൻ.

---

## സാമാന്യധൎമ്മങ്ങൾ.

(തുടൎച്ച)

---

ദുർവൃത്തനായ് നടക്കുന്ന നരൻ നാട്ടിന്നു നിന്ദ്യനാം
ദുഃഖിയാമവനെപ്പോഴും രോഗിയാമല്പജീവിയാം ൱൫

സദ്വൃത്തനായസൂയാദിയററവിശ്വാസിയാം നരൻ
അവലക്ഷണനെന്നാലുമവൻ നൂറാണ്ടുവാണിടും ൱൬

മനസ്സാക്ഷിക്കേതുകൎമ്മം ചെയ്കിൽ മോദം വരും സ്വയം
അതുചെയ്ക, പണിപ്പെട്ടുമല്ലാത്തവയൊഴിക്കുക ൱൭

നാസ്തികത്വം, വേദനിന്ദ, ദേവതാദൂഷണങ്ങളും
തൃഷ്ണക്കവൈരവും ഗർവ്വപാരുഷ്യം, ഡംഭകാപട്യവും ൯൪

പരിപാലിക്കയനുജന്മാരെ പുത്രരെയെന്നപോൽ
പൂർവ്വജന്മനനുജരും പുത്രരെപ്പോൽവഴങ്ങുക ൯൫

പാപിയാകുമധർമ്മിഷ്ഠനടനാപത്തുകാൺകയാൽ
ധർമ്മത്തിൽക്ലേശമാന്നാലു മധർമ്മത്തെനിനയ്ക്കൊലാ ൯൬

അധർമ്മംചെയ്തുടനെ പൊരാപശുവൃഷപാതഫലം
ക്രമത്താൽവന്നണഞ്ഞിട്ടു കർത്താവിൻമൂടറുത്തിടും ൯൭

തള്ളീടുകർത്ഥകാമങ്ങൾ ധർമ്മംവേറിട്ടതാകിലോ
തള്ളാംദുഃഖദവും ലോകാനിഷ്ടവും ധർമ്മമാകിലും ൯൮

തപസ്സാൽപാപമററുള്ള ധർമ്മതൽപരനാം നരൻ
ദേവലോകത്തെയുറ്റുമാശു ദിവ്യതേജശ്ശരീരിയായ് ൯൯

ജനിക്കുന്നേകനായ്ജന്തു മരിച്ചീടുന്നിതേകനായ്
സുകൃതത്തെ ബുഭുജിച്ചീടുന്നേകനായ് ദുഷ്കൃതത്തെയും ൱

---

## ശിവന്റെ സാന്നിദ്ധ്യം

കാശിയിൽനിന്നു പുറപ്പെടുന്ന "സെൻട്രൽഹിന്ദുകാളേജ്" മാസികയുടെ ഈ മേയ്മാസത്തെ പ്രതിയിൽ കൃപാരാമമിശ്രൻ എന്നൊരാൾ താഴെകാണുംപ്രകാരം ഒരു ലേഖനം എഴുതിയിരിക്കുന്നു.

"പിത്തനാപൂർ, ബിലാസപൂർ ഡിസ്ട്രിക്റ്റിൽ ഹസ്ദോനദിയുടെ ദക്ഷിണതീരത്തുള്ള ഒരു ചെറിയ ഗ്രാമമാണ്. അവിടെ മാർബിൾകല്ലുകൊണ്ടുള്ള മനോഹരമായ ഒരു ശിവക്ഷേത്രമുണ്ട്. അതിൽ ഫാല്ഗുനമാസത്തിലെ കൃഷ്ണചതുർദ്ദശിമുതൽ ശുക്ലചതുർത്ഥിവരെ ഉത്സവമാണ്. ഛത്തീസ്ഗഡിന്റെ പല ഭാഗങ്ങളിൽനിന്നും എത്രയോ ആയിരം തീർത്ഥയാത്രക്കാർ അപ്പോൾ അവിടത്തേക്കു പോകാറുണ്ട്. ഇരുപതുകൊല്ലങ്ങൾക്കുമുമ്പു ഒരു പുല്ലുമേഞ്ഞ ചെറിയ കുടിൽമാത്രമാണ് ദേവാലയമെന്നു പറവാനായി അവിടെ ഉണ്ടായിരുന്നുള്ളു. അപ്പോൾ അവിടത്തെ ഒരു തെലി അല്ലെങ്കിൽ വാണിയൻ (അയാൾ വലിയ ഭക്തനായിരുന്നു) ദിവസംപ്രതി മഹാദേവന്റെ വിഗ്രഹത്തിൽ ജലാഭിഷേകം ചെയ്തു വളരെ വിശ്വാസത്തോടെ ആരാധിച്ചുവന്നിരുന്നു. ഒരുദിവസം മ

ഹാദേവൻ മനുഷ്യരൂപത്തിൽ അവന്റെ മുമ്പിൽ പ്രത്യക്ഷനായി തൻ അവന്റെ ഏകാന്തഭക്തികൊണ്ട് വളരെ പ്രസാദിച്ചിരിക്കുന്നുഎന്നരുളിച്ചെയ്യുകയും അവനു എന്തുവരം വേണമെന്നു തിരുവാമൊഴിഞ്ഞു ചോദിക്കയും ചെയ്തു. വാണിയൻ ഭഗവാന്റെ പാദാരവിന്ദങ്ങളിൽ ഭക്തിപാരവശ്യത്തോടെ വീണു നമസ്കരിച്ചു പാദപാംസുക്കളെ ശിരസ്സിൽതൊട്ടുവച്ചുകൊണ്ട് തൊഴുതകൈയ്യോടെഎഴുന്നേറ്റുനിന്നു ഇങ്ങിനെ പ്രാർത്ഥിച്ചു:—

“ലോകരക്ഷിതാവായ സ്വാമി: നിന്തിരുവടിക്കു അടിയന്റെമേൽ പ്രസാദമാണെങ്കിൽ, രോഗംകൊണ്ടു കഷ്ടപ്പെടുന്നവരായആളുകൾ ഫാൽഗുനമാസത്തിൽ ഈ ദിവസങ്ങളിൽ ഇവിടെഎത്തി നിന്തിരുവടിയുടെ അടുക്കൽ പ്രാർത്ഥിച്ചാൽ അവർക്കു രോഗശാന്തിയുണ്ടാകട്ടെ”. “അങ്ങിനെവരട്ടെ” എന്നു കല്പിച്ചു ഭഗവാൻമറഞ്ഞു.

വാണിയൻ ആ നല്ല വർത്തമാനത്തെ ജനങ്ങളുടെ ഇടയിൽ പരത്തുകയും ക്രമേണ ആയത് ഓരോരുത്തൻ പറഞ്ഞുകേട്ടു വളരെ ദൂരദേശങ്ങളിൽവരെ എത്തുകയുംചെയ്തു. അന്നുമുതൽ ഈ നാട്ടിലെ ഹിന്തുക്കൾ തിരുനാപ്പൂർ ഏറ്റവും സാന്നിദ്ധ്യമുള്ള പുണ്യസ്ഥലമായിക്കരുതിവരികയും ഓരോ ആവശ്യങ്ങളെ സാധിപ്പാനായി എത്രയോ ആയിരം ജനങ്ങൾ കൊല്ലംതോറും ഇവിടെവന്നുകൂടുകയും ചെയ്യുന്നു. ഈ കഴിഞ്ഞകൊല്ലത്തിലും പതിവുപോലെയുള്ള സമയത്തു ഈ ഉത്സവമുണ്ടായി. ഉദ്ദേശം പതിനായിരം ജനങ്ങൾകൂടിയിരുന്നു. പുതുതായിവന്ന കാഴ്ചക്കാർക്ക് ആ ദേവന്റെ സാന്നിദ്ധ്യവും ജനങ്ങൾ അവിടെ നേർച്ചകൾ കഴിക്കുന്നതിൽകാണിക്കുന്ന ഭക്തിപാരവശ്യവും ആശ്ചര്യത്തെ ജനിപ്പിച്ചു. കാൻകർ ഇന്ത്യൻസ്റ്റേറ്റിൽനിന്നു ഇതുവഴി യാത്രചെയ്തു അവിടെവന്നെത്തിയിരിക്കുന്ന എന്റെ ഒരു പഴയ പരിചിതനായ ഒരു ഹാസ്പിററൽ അസിസ്റ്റന്റിനെ ഞാൻ അവിടെ കണ്ടുമുട്ടി. ചോദിച്ചതിൽ അദ്ദേഹത്തിന്റെ മകന് അപായകരമായ ഒരു രോഗം പിടിച്ചു കഷ്ടപ്പെട്ടുഎന്നും ചികിത്സകൾഎല്ലാംചെയ്തിട്ടു യാതൊരുഗുണവുംകിട്ടിയില്ലെന്നും ഒടുവിൽ അവനെ അദ്ദേഹം ഇവിടത്തെ ദേവന്റെ കാരുണ്യത്തിനായി ഉഴിഞ്ഞുവിട്ടുഎന്നും അപ്പോൾതന്നെ രോഗം ഭേദമായിഎന്നും പറയുന്നതു കേട്ടു എനിക്കുണ്ടായ സന്തോഷത്തെ പറഞ്ഞറിയിപ്പാൻ പ്രയാസം. ഞാൻ പിന്നെ അന്വേഷിച്ചു എല്ലാവരിൽനിന്നും ഇങ്ങിനെയുള്ള ഓരോ മറുവടികൾ തന്നെകിട്ടി. ശിവൻ പ്രത്യക്ഷമായതിനുശേഷമാണ് ഇവിടെ ഇപ്പോൾകാണുന്ന ഈ മാർബിൾ ക്ഷേത്രമുണ്ടായത്. ഇതു ജഗാൽഗാഞ്ചിറിലെ റയിൽവെ കണ്ട്രാക്ടർ പണിയിച്ചതാണ്. റായപ്പൂർ ഡിസ്ട്രിക്റ്റാർ ഖാറിയറിലെ രാജാവു ഇവിടത്തെദേ,

വന്റെ പ്രസാദത്താൽ അദ്ദേഹത്തിനുണ്ടായ കാൎയ്യലാഭത്തിന്റെ കൃതജ്ഞതയെ കാണിപ്പാനായി ഇതിന്നടുത്തു വേറൊരു ക്ഷേത്രവും ഇപ്പോൾ കെട്ടീട്ടുണ്ട്" നമ്മുടെ അരുവിപ്പുറം ശിവക്ഷേത്രത്തിലെയും ബ്രഹ്മശ്രീ നാരായണഗുരുസ്വാമിപാദങ്ങളാൽ പ്രതിഷ്ഠചെയ്യപ്പെട്ടിട്ടുള്ളതും ചെയ്യപ്പെട്ടുവരുന്നതുമായ മററു ക്ഷേത്രങ്ങളിലെയും സാന്നിദ്ധ്യവിശേഷത്തെപ്പററി അനുഭവിച്ചറിഞ്ഞിട്ടുള്ളവൎക്ക് ഇതുപോലെയുള്ള ഈശ്വരഭക്തന്മാർനിമിത്തം മററുദേശങ്ങളിലും ജനങ്ങൾ അനുഭവിച്ചുവരുന്ന വലിയ അനുഗ്രഹങ്ങളെപ്പററി ഇങ്ങിനെ കേട്ടറിയുന്നതു ഉത്സാഹപ്രദമായിരിക്കുമല്ലോ.

---

എസ്. എൻ. ഡി. പി. യോഗത്തിന്റെ ഏഴാമത്തെ വാൎഷികപൊതുയോഗം മയ്യഴിവെച്ചു കൂടുന്നതിനെപററി ആലോചിപ്പാനായി കക്കാട്ടു കണർ വൈദ്യർ പുന്നാരമൊട്ടി എന്നിവരുടെ ക്ഷണനമനുസരിച്ചു ൧൯൧൦ ഏപ്രിൽ ൩-ാംനു- ഞായറാഴ്ച വൈകുന്നേരം ൪ മണിക്കു പുത്തലത്തു ക്ഷേത്രത്തിൽ കൂടിയ ആരംഭയോഗത്തിന്റെ പ്രൊസിഡിംഗ്സ്.

ഹാജർ.

൧. വാച്ചാവി ഉണ്ണിഗുരുക്കൾ അവർകൾ
൨. കൊററിയത്തു രാമുണ്ണി ,,
൩. ചെറുവാരി ഗോവിന്ദൻ ,,
൪. പറമ്പൻ കണാരൻ ,,
൫. കൊളക്കോട്ടു കുഞ്ഞനവൈദ്യർ,,
൬ കൊയമ്പ്രത്തു കുഞ്ഞിക്കുട്ടി ,,
൭. നള്ളക്കണ്ടി ചുഴ്ഴിമന്ത്രു ,,
൮. ചാണ്ടോളിയൻ അനന്തു ,,
൯. പെരുന്തൊടി ചൊയിന്ദുരുക്കൾ മുതലായവരും

സ്ഥലത്തുള്ള മററു മാന്യന്മാരുമായി ഏകദേശം ഇരുനൂറാളോളം ജനങ്ങൾ ഹാജരായിരുന്നു.

കക്കാട്ടു കണർവൈദ്യർ അദ്ധ്യക്ഷനാകണമെന്നു കൊററിയത്തു രാമുണ്ണിവക്കീൽ അവർകൾ അഭിപ്രായപ്പെടുകയും ചെറുവാരിഗോവിന്ദൻ അവർകൾ പിൻതാങ്ങുകയും എല്ലാവരും സമ്മതിക്കയും ചെയ്തതിനെ അനുസരിച്ചു കണർ വൈദ്യർ അഗ്രാസനം വഹിച്ചു. എസ്. എൻ. ഡി. പി. യോഗം സിക്രട്ടറി എൻ. കുമാരൻ ആശാൻ അവർകൾ യോഗത്തിന്റെ പൊതുവായിട്ടുള്ള

ഉദ്ദേശത്തെയും വാർഷികയോഗത്തിന്റെ സ്വഭാവത്തെയും മററും പററി പ്രസംഗിച്ചു.

അതിൽപിന്നെ എസ്. എൻ. ഡി. പി. യോഗംമുഴുവ ച്ചു മേടം ൨൭-ം ൨൮-ം തീ- കളിൽ (മെയി ൯-ം ൧൦-ം കൂടണ മെന്നും അപ്രകാരം ചെയ്യുന്നതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെ യ്യാൻ ടി യോഗത്തോടു അപേക്ഷിക്കണമെന്നു തീർച്ചപ്പെ ടുത്തു താഴെപ്പറയുന്ന മാന്യന്മാരെ പൊതുയോഗത്തിന്റെ നിർവാ ഹസംഘക്കാരായി തിരഞ്ഞെടുത്തു

൧. കക്കാട്ടു കെ. പത്മനാഭൻ അവർകൾ.
൨. കയനാടത്തു കൃഷ്ണൻ ,,
൩. കണ്ണോത്തു എ. ഗോപാലൻ ,,
൪. കോമത്തു രാമൻ ,,
൫. കസ്സാണ്ടി ചാത്തു ,,
൬. ചെറിയത്തു ചാത്തൻ ,,
൭. കടന്നാത്തു കുങ്കർ ,,
൮. കല്ലാട്ടു ചന്തൻ ,,
൯. മാണോളിയൻ കണ്ണാരൻ ,,
൧൦. കുന്നത്തോടത്തിൽ കുങ്കർ ,,
൧൧. പാണ്ടാരേടത്തിൽ കണ്ണർ ,,
൧൨. കക്കാട്ടു കെ. അനന്തൻ ,,
൧൩. കോത്തന്തോടി ചാതൻ ,,
൧൪. പാലിശ്ശേരിയിൽ കുട്ടിക്കോരൻ ,,
൧൫. കുന്നോത്തി ചാത്തൻ ,,

മേൽ പ്രസ്താവിച്ചവരിൽ കെ. പത്മനാഭൻ അവർകളെ സി ക്രട്ടറിയായിട്ടും കക്കാട്ടു കെ. അനന്തൻ അവർകളെ ഖജാൻജിയായി ട്ടും നിശ്ചയിച്ചു.

താഴെ പേരെഴുതിയവരെ സ്വാഗതസംഘക്കാരായി തിര ഞ്ഞെടുത്തു.

൧. കക്കാട്ടു കുങ്കർ വൈദ്യരവർകൾ
൨. പുന്നാരമെട്ടി ,,
൩. പാറമ്പൻ കണ്ണാരൻ ,,
൪. മാണോളിയൻ അനന്ത ,,
൫. കന്ന്യാട്ടു കൃഷ്ണൻ ,,
൬. ചെറുക്കാട്ടി പൊയിൽ ഗുരുക്കൾ

സബ്ജക്ട് കമ്മറ്റിക്കാരായി താഴെപ്പറയുന്നവരെയും തിരഞ്ഞെടുത്തു.

൧. കൊറ്റ്യത്ത് രാമുണ്ണി അവർകൾ
൨. ചെറുവാരി ഗോവിന്ദൻ ,,
൩. എൻ. കുമാരൻ ആശാൻ ,,
൪. അടിയേരി ചാത്തു ,,
൫. ചെറുവാരി കൃഷ്ണൻ ,,

ഇതിൽ അവസാനത്തെ രണ്ടുപേർ ഹാജരില്ലാത്തതിനാൽ സമ്മതം ചോദിച്ചു തീർച്ചപ്പെടുത്താൻ നിശ്ചയിച്ചു.

സ്വാഗത സംഘ പ്രസിഡണ്ടായി പുന്നാരാമെട്ടി അവർകളെ തിരഞ്ഞെടുത്തു.

പണം പിരിവു ചിലവു മുതലായതു സബ്കമ്മറ്റി സിക്രട്ടറി സ്വാഗത സംഘപ്രസിഡണ്ടിന്റെ അനുവാദത്തോടുകൂടി ചെയ്യാനും കണക്കുകൾ മുതലായതു സിക്രട്ടറി സൂക്ഷിപ്പാനും പണം ബേങ്കിൽ ഡിപ്പോസിറ്റായി നിശ്ചയിച്ച കക്കാട്ട് കെ. അനന്തൻ സൂക്ഷിപ്പാനും നിശ്ചയിച്ചു.

അത്യാവശ്യമായി വരുന്ന സഭകൾ വിളിച്ചുകൂട്ടുവാനും മറ്റുവല്ല ഏർപ്പാടുകൾ ചെയ്‌വാനും സബ്കമ്മറ്റി സിക്രട്ടറിയെയും സ്വാഗത സംഘപ്രസിഡണ്ടിനെയും ഏല്പിച്ചു.

മെംബറന്മാരല്ലാത്ത യോഗ്യന്മാരെ ക്ഷണിപ്പാൻ സ്വാഗതസംഘപ്രസിഡണ്ടിനെയും നിയമിച്ചു.

സഭകൂടുവാനുള്ള എടുപ്പിന്നു കരി ആപ്പീസോ വേറെവല്ല എടുപ്പോ വേണ്ടതു പ്രവൃത്തിച്ചു ശരിപ്പെടുത്താൻ സിക്രട്ടറിയെ ഭരമേല്പിച്ചു.

താഴെ പറയുന്നവരെ വളണ്ടിയർ കേപ്ടന്മാരായി തിരഞ്ഞെടുക്കയും അവരുടെ സംഖ്യ വർദ്ധിപ്പിപ്പാനും മാറ്റാനുമുള്ള അധികാരം സ്വാഗതസംഘപ്രസിഡണ്ടിനെ ഏല്പിക്കയും ചെയ്തു.

൧. കണ്ടോത്ത് സാമി
൨. പാലത്തായി ഗോവിന്ദൻ
൩. കക്കാട്ടുവാച്ചാലി കൃഷ്ണൻ
൪. ചാണൊളിയൻ കുഞ്ഞിരാമൻ
൫. കല്ല്യാട്ട് കൃഷ്ണൻ
൬. ഇട്ട്യേൽ കുഞ്ഞമ്പു

എന്ന് പ്രസിഡണ്ട് കക്കാ : ൧൯ ൯ ഡ. ർ.

# ആത്മോപദേശശതകം

[തുടർച്ച]

ഭയനിമയമായ് ഗഗനം ജ്വലിക്കുമന്നാ
ളിണയുമതിംകലശേഷദൃശ്യജാലം
പുനരവിടത്രിപുടിക്കു പൂർത്തിനൽകും
സ്വനവുമടങ്ങുമിടം സ്വയം പ്രകാശം ൧൨
ഇതിലെഴുമാദിമശക്തി യിങ്ങുകാണു
ന്നിതു സകലം പെരുമാദിബീജമാകും
മതിയതിലാക്കി മറന്നിടാതെമായാ
മതിയുരുവാൻ മതനം തുടർന്നിടേണം ൧൩
ഉണരുമവസ്ഥ ഉറക്കിലില്ലുറക്കം
പുനരുണരുമ്പൊഴുതും സ്ഫുരിക്കുവീല
അനുദിനമിങ്ങിനെരണ്ടു മാദിമായാ
വനിതയിൽ നിന്നു പുറന്നു മാറിടുന്നു ൧൪
നെടിയകിനാവിതു നിദ്രപോലെ നിത്യം
കെടുമിതുപോലെ കിനാവുമിപ്രകാരം
കെടുമതികാണുകയില്ല കേവലത്തിൽ
പെടുവതിനാലനിശം ഭ്രമിച്ചിടുന്നു ൧൫
കടലിലെഴും തിരപോലെ കായമോരോ
ന്നുടനുടനോടിയുയർന്നമർന്നിടുന്നു
മുടിവിതിനെങ്ങിതുഹന്ത മൂലസംവിൽ
കടലിലജസ്രവുമല്ല കർമ്മമല്ലേ. ൧൬
അലയറമാഴിയിലുണ്ടനന്തമായാ
കലയിതു കല്പ്യയനാദി കാര്യമാകും
സലിലരസാദി ശരീരമേന്തിനാനാ
ഉലകരുവായുരുവായി നിന്നിടുന്നു. ൧൭
നവനവ മിന്നലെ യിന്നു നാളെമറ്റേ
ദ്ദിവസമിതിങ്ങിനെ ചിന്തചെയ്തിടാതെ
അവിരതമെണ്ണിയളന്നിടുന്നതെല്ലാം
ഭ്രമമൊരുഭേദവുമില്ലറിഞ്ഞിടേണം ൧൮
അറിവിനെവിട്ടൊരു ഞാനുമില്ലയെന്നെ
പ്പിരിയുകിലില്ലറിവും പ്രകാശമാത്രം
അറിവറിയുന്നവനെന്നു രണ്ടുമോർത്താ
ലൊരുപൊരുളാമതിലില്ല വാദമൊന്നും ൧൯

# രാജയോഗം

[തുടർച്ച]

---

മൂഢന്മാരും, മിഥ്യാജ്ഞാനമോഹിതരുമായ ഈ തരക്കാർ തങ്ങൾക്ക് ഉപരി ലോകത്തുള്ള ഏതോ സ്വരൂപത്തിന്റെ അനുഗ്രഹത്താൽ സിദ്ധിച്ചതാണെന്നു വിചാരിക്കുന്ന, മനുഷ്യമനസ്സിനെ പരിവർത്തിപ്പിപ്പാനുള്ള അത്ഭുത ശക്തികളെക്കുറിച്ചു തന്നത്താൻ അഭിമാനിക്കുമ്പോൾ തങ്ങൾ വരാൻപോകുന്ന കേടുകൾക്കും കുററങ്ങൾക്കും, ഭ്രാന്തിന്നും, മരണത്തിന്നും വിത്തിടുകയാണ് ചെയ്യുന്നതെന്ന് ഒട്ടും വിചാരിക്കുന്നില്ല. അതുകൊണ്ടു നിങ്ങളുടെ സ്വാതന്ത്ര്യത്തെ അപഹരിക്കുന്ന ഏതിനെയും പററി സൂക്ഷിച്ചുകൊൾവിൻ. അതു് അപായകരമാണെന്നറികയും, അതിനെ കഴിയുന്ന വിധത്തിലൊക്കെയും വർജ്ജിക്കയും ചെയ്യുവിൻ. തന്റെ മനസ്സിനെ തന്റെ ഇഷ്ടാനുസാരം ഇന്ദ്രിയങ്ങളോടു സംഘടിപ്പിക്കയും അവയിൽ നിന്നു വിഘടിപ്പിക്കയും ചെയ്വാൻ സാധിച്ചിട്ടുള്ള പുരുഷൻ പ്രത്യാഹാരത്തെ സാധിച്ചവനാകുന്നു. പ്രത്യാഹാരം എന്നാൽ തിരിയെ (തന്നിൽ) അടക്കുക, അതായതു് മനസ്സിന്റെ ബഹിർമ്മുഖങ്ങളായ ശക്തികളെ നിരോധിക്കയും, അതിനെ ഇന്ദ്രിയങ്ങളുടെ ദാസ്യത്തിൽ നിന്നു മോചിപ്പിക്കയും ചെയ്യുക എന്നർത്ഥമാകുന്നു. അതു ചെയ്വാൻ നമുക്കു കഴിയുമ്പോളാണു് വാസ്തവത്തിൽ നാം ഒരു നിഷ്ഠയുള്ളവരാകുന്നതു്; അപ്പോൾമാത്രമാണു് മോക്ഷമാർഗ്ഗത്തിലേക്കുള്ള ഒരു വലിയ പടി നാം കടക്കുന്നതു്; അതിന്നു മുമ്പു നാം വെറും യന്ത്രങ്ങളത്രേ.

മനസ്സിനെ നിയമനം ചെയ്യുന്നതു് എത്ര പ്രയാസമായിരിക്കുന്നു. ഇതിനെ ഭ്രാന്തൻകുരങ്ങിനോടു സാദൃശ്യപ്പെടുത്തീട്ടുള്ളതു ശരിയാണു്. ഒരു കുരങ്ങുണ്ടായിരുന്നു. അവൻ മറെറല്ലാ കുരങ്ങന്മാരേയും പോലെതന്നെ സ്വഭാവേന ചപലനായിരുന്നത്രേ. അതു പോരാഞ്ഞിട്ടു ഒരുത്തൻ അവനു ധാരാളം മദ്യം കൊടുത്തു. അതുകൊണ്ടു അവൻ അതിലും അധികം ചപലനായി. ഉടനെ അവനെ ഒരു തേളു കുത്തി. ഒരു മനുഷ്യനെ തേളുകുത്തിയാൽ അവൻ ഒരുദിവസംമുഴുവൻ കിടന്നു തുള്ളിച്ചാടുമാറുണ്ടു്. അതുകൊണ്ടു് സാധു കുരങ്ങച്ചാന്റെ തന്റെ അവസ്ഥ എപ്പോഴത്തേതിലും കഷ്ടമായി തീർന്നു. ഏന്നിട്ടു് തന്റെ കഷ്ടതയെ പൂർത്തിയാക്കാനായി ഒരു പിശാചും അവനിൽ കടന്നുകൂടി. ആ കുരങ്ങിന്റെ അനിവാര്യമായ ചാപല്യത്തെ ഏതു ഭാഷയിൽ വർണ്ണിപ്പാൻ കഴിയും? മനുഷ്യന്റെ മനസ്സ് ആ കുരങ്ങിനെപ്പോലെയാകുന്നു; സ്വഭാവേന തന്നെ അതു ഇട

വിടാതെ ചവിച്ചുകൊണ്ടിരിക്കുന്നു; പിന്നെ രാഗമാകുന്ന മദ്യം സേവിച്ചു തന്റെ ചാപല്യത്തെ വർദ്ധിപ്പിക്കുന്നു. രാഗത്തിന്നു വശംവദമായി കഴിഞ്ഞ ഉടൻ അന്യരുടെ രാഗം (ഇച്ഛ) പൂർത്തിയാകുന്നുവോ അവരെക്കുറിച്ചുള്ള അസൂയയാകുന്ന തേളിന്റെ കുത്തേൽക്കുന്നു. അവസാനം അഭിമാനമാകുന്ന പിശാചിനാൽ ഗ്രസിക്കപ്പെടുകയും ചെയ്യുന്നു; അതുകൊണ്ടു അതു തന്നെത്താൻ കേമനാണെന്നു ഞെളിയുന്നു. അങ്ങിനെയുള്ള മനസ്സിനെ നിയമനം ചെയ്യുന്നതു് എത്ര പ്രയാസമുള്ളതാണ്?

പിന്നെ ആദ്യത്തെ പാഠം എന്താണെന്നു ചാൽ ഇരുന്നുകൊണ്ടു സ്വല്പനേരത്തേക്കു മനസ്സിനെ ഓടാൻ വിട്ടേക്കയാണ്. ആ സമയമെല്ലാം മനസ്സ് പതച്ചുകൊണ്ടേയിരിക്കും. അതു ഒരു കുരങ്ങു തുള്ളിച്ചാടുന്നപോലെ ആകുന്നു. കുരങ്ങു അതിനു കഴിയുന്നത്ര ചാടട്ടെ. നിങ്ങൾ സൂക്ഷിച്ചു കാത്തിരിക്കുവിൻ. "ജ്ഞാനമെ ശക്തി" എന്നാണല്ലൊ പഴഞ്ചൊല്ല്. അതു വാസ്തവവുമാണ്. മനസ്സു എന്തു ചെയ്യുന്നു എന്നറിയുന്നതുവരെ നിങ്ങൾക്കു അതിനെ നിയമനം ചെയ്വാൻ കഴിയുന്നതല്ല. അതിന്നു കടിഞ്ഞാണു മുഴുവൻ ഇളക്കി വിട്ടുകൊടുക്കുക, അനേകം അതിഭയങ്കരങ്ങളായ വിചാരങ്ങൾ അതിൽ വന്നു കയറിയേക്കാം. അങ്ങിനെയുള്ള വിചാരങ്ങൾ വിചാരിപ്പാൻ നിങ്ങൾക്കു ഇടയായല്ലോ എന്നു നിങ്ങൾക്കുതന്നെ ആശ്ചര്യം തോന്നും; എന്നാൽ ഓരോ ദിവസവും മനസ്സിന്റെ ആ തരം മനോരാജ്യങ്ങൾക്കുള്ള ശക്തി കുറഞ്ഞു കുറഞ്ഞു വരുന്നതായും, ഓരോ ദിവസവും അതു അധികമധികം ശാന്തമായിത്തീരുന്നതായും നിങ്ങൾ കാണും. ആദ്യത്തെ ഏതാനം മാസങ്ങളിൽ, മനസ്സിന്നു ഒരു ആയിരം വിചാരങ്ങൾ ഉള്ളതായി നിങ്ങൾ കാണും. കുറേ കഴിഞ്ഞാൽ അതു ശാന്തമായി ഒരു എഴുനൂറായി കുറഞ്ഞിട്ടുണ്ടെന്നു നിങ്ങൾക്കു കാണാം. പിന്നെയും ഏതാനം ചില മാസങ്ങൾകൂടി കഴിയുമ്പോൾ വിചാരങ്ങൾ കുറഞ്ഞു കുറഞ്ഞു പോകയും ഒടുവിൽ മനസ്സ് പൂർത്തിയായ നിയമനത്തിൻ കീഴിലാകുകയും ചെയ്യും. എന്നാൽ നാം ക്ഷമയോടുകൂടി ഓരോ ദിവസവും അഭ്യസിക്കേണ്ടതാണ്. ആവിയെ തിരിച്ചുഉടൻ യന്ത്രം ഓടുകതന്നെ ചെയ്യും; വിഷയങ്ങൾ നമ്മുടെ മുമ്പിൽ എത്തിയ ഉടൻ നാം കാണുകതന്നെ ചെയ്യും; അതുകൊണ്ടു ഒരു മനുഷ്യനു താൻ ഒരു വെറും യന്ത്രമല്ലെന്നു സാധിക്കേണമെങ്കിൽ അയാൾ ഒന്നിന്റെയും അധികാരത്തിൻ കീഴിലല്ലെന്നു വെളിപ്പെടുത്തേണ്ടതാണ്". ഇങ്ങിനെ മനസ്സിനെ നിയമിക്കുന്നതും അതിനെ സ്വേച്ഛപോലെ

ഇന്ദ്രിയങ്ങളോടുചേരാൻ അനുവദിക്കാതിരിക്കുന്നതുമാണ് പ്രത്യാഹാരം. ഇതിനെ എങ്ങിനെ അഭ്യസിക്കാം? ഇതു ഒരു ദീർഘമായ പ്രയത്നമാകുന്നു, ഒരുദിവസംകൊണ്ടോ മറ്റോ സാധിക്കുന്നതല്ല. അനേകകൊല്ലം ക്ഷമയോടുകൂടിയും നിരന്തരമായും കഷ്ടപ്പെട്ടു ശ്രമിച്ചാൽമാത്രമെ നമുക്കതു സാധിക്കൂ.

അടുത്തപാഠം ഇതിനെ ആശ്രയിച്ചിരിക്കയാണ്. കുറേകാലം പ്രത്യാഹാരം അഭ്യസിച്ചശേഷം മനസ്സിനെ ചില സ്ഥാനങ്ങളിൽവച്ചുകൊണ്ടു അടുത്തപടിയായ "ധ്യാന"ത്തെ തുടങ്ങണം. "മനസ്സിനെ ചില സ്ഥാനങ്ങളിൽവയ്ക്കുക" എന്നുവച്ചാൽ അർത്ഥമെന്താണ്? ശരീരത്തിന്റെ ചില ഭാഗങ്ങളെമാത്രം മറ്റെല്ലാഭാഗങ്ങളെയും വിട്ടുകളഞ്ഞിട്ടു ചിന്തിപ്പാൻ മനസ്സിനെ ഞെരുക്കുകയാകുന്നു. ദൃഷ്ടാന്തത്തിനു കയ്യെപ്പറ്റിമാത്രം, ശരീരത്തിന്റെ മറ്റെല്ലാഭാഗങ്ങളെയും വിട്ടുകളഞ്ഞിട്ടു ചിന്തിച്ചുനോക്കുക. ചിത്തം അല്ലെങ്കിൽ മനോവൃത്തികൾ ഒരു ദിക്കിൽ നിയമേനമായും പരിച്ഛിന്നമായും നില്ക്കുമ്പോൾ അതിനാണ് "ധാരണ" എന്നു പറയുന്നത്. ഈ ധാരണ പലപ്രകാരത്തിലുണ്ട്. അതോടൊന്നിച്ചു സങ്കല്പത്തിന്റെ ഒരു ചെറിയ വിലാസത്തെക്കൂടിച്ചേർത്തുകൊള്ളുന്നതു നല്ലതാണ്. ദൃഷ്ടാന്തത്തിനു മനസ്സ് ഹൃദയത്തിൽ ഒരു സ്ഥാനത്തെക്കുറിച്ചു ചിന്തിക്കത്തക്കവണ്ണം ആക്കണം; അതു വളരെ പ്രയാസമുള്ളതാണ്; കുറേ എളുപ്പമായ ഒരു മാർഗ്ഗം അവിടെ ഒരു പത്മത്തെ സങ്കല്പിക്കയാകുന്നു. ആ പത്മം പ്രകാശപൂർണ്ണമായിരിക്കുന്നു; ദീപ്തമായ പ്രകാശത്താൽ പൂർണ്ണമായിരിക്കുന്നു. അവിടെ മനസ്സിനെ വയ്ക്കുക. അല്ലെങ്കിൽ ആ പത്മത്തെ പ്രകാശപൂർണ്ണമായിതന്നെ തലച്ചോറിലൊ മുൻവിവരിച്ചിട്ടുള്ള സുഷുമ്നയിലുള്ള ഓരോ സ്ഥാനങ്ങളിലൊ വിചാരിക്കുക.

യോഗി എല്ലായ്പോഴും അഭ്യസിക്കണം. അയാൾ ഏകാന്തത്തിൽ ജീവിപ്പാൻ ശ്രമിക്കണം. പലവിധത്തിലുള്ള ജനങ്ങളുടെ സഹവാസം അയാളുടെ മനസ്സിനെ ആവിലമാക്കും; അയാൾ അധികം സംസാരിക്കരുതു; എന്തുകൊണ്ടെന്നാൽ സംസാരം മനസ്സിനെ ആവിലമാക്കുന്നു. അധികം പ്രവൃത്തിചെയ്കയും അരുതു; എന്തുകൊണ്ടെന്നാൽ അതിമാത്രമായ പ്രവൃത്തി മനസ്സിനെ ആവിലമാക്കുന്നു; ഒരു മുഴുവൻദിവസവും ക്ലേശിച്ചു പ്രവൃത്തിചെയ്തശേഷം അന്നു മനസ്സിനെ നിയമനംചെയ്വാൻ കഴിയുന്നതല്ല. ഇങ്ങിനെയുള്ള നിശ്ചയബുദ്ധിയോടുകൂടിയ ഒരുത്തനാണ് യോഗിയായിത്തീരുന്നതു. അത്യല്പമായി ചെയ്താൽപോലും മഹത്തായ ഗുണമു

ണ്ടാകത്തക്ക ശാന്തിയാണ് നല്ലതിന്നുള്ളതു. അതു ആരെയും ദോഷത്തെ ചെയ്യുകയില്ല, എന്നാൽ എല്ലാവരേയും ഗുണത്തെച്ചെയ്യുകയും ചെയ്യും. ആദ്യം തന്നെയതു (ധാരണ) നിരോധിക്കാതെ സൌന്ദര്യപ്പെടുത്തുകയും, ശാന്തതയുണ്ടാക്കുകയും വിഷയങ്ങളെ അധികം സ്പഷ്ടമായി കാണ്മാൻ നമ്മെ ശക്തരാക്കുകയും ചെയ്യും. സ്വഭാവം നന്നാകുകയും, ആരോഗ്യം അധികപ്പെടുകയും ചെയ്യും. പൂർണ്ണമായ ആരോഗ്യവും, മാധുര്യമുള്ള ഒരു സ്വരവും ആദ്യത്തെ ലക്ഷണങ്ങളിൽ ഒന്നാണ്. സ്വരത്തിലുള്ള ദോഷങ്ങൾ മാറിപ്പോകും. ഇതു വരാനുള്ള അനേകഫലങ്ങളിൽ ആദ്യത്തേതാണ്. പണിപ്പെട്ടു അഭ്യസിക്കുന്നവർക്കു മററു അനേക ലക്ഷണങ്ങൾ ഉണ്ടാകും. ചിലപ്പോൾ കുറെ ദൂരത്തിൽ മണികളുടെ മുഴക്കംപോലെയുള്ള ശബ്ദങ്ങൾ ഉണ്ടാകയും അവ സങ്കലമായിച്ചേർന്നു ഒരു നാദത്തിന്റെ ധാര എന്നപോലെ ചെവിയിൽ പതിക്കുകയും ചെയ്യും. ചിലപ്പോൾ ഓരോന്നു കാണാം. പ്രകാശത്തിന്റെ ചെറിയ ശകലങ്ങൾ മുമ്പിൽ സഞ്ചരിക്കുകയും അവ വലുതായി വലുതായിവരികയും ചെയ്യും. ഇങ്ങിനെയുള്ള സംഭവങ്ങൾ വരുമ്പോൾ നിങ്ങൾ വളരെവേഗത്തിൽ മുന്നോട്ടുപോകുന്നു എന്നറിഞ്ഞാലും. യോഗികളാവാൻ ആഗ്രഹിക്കയും പണിപ്പെട്ടു അഭ്യസിക്കയും ചെയ്യുന്നവർ തങ്ങളുടെ ആഹാരസാധനങ്ങളെപ്പററി ആദ്യം കുറെ സൂക്ഷിക്കണം. വളരെ വേഗത്തിൽ കയററമുണ്ടാവാൻ ആഗ്രഹിക്കുന്നവർ, പാൽകൊണ്ടുമാത്രവും ധാന്യവകകളെക്കൊണ്ടും ഏതാനം മാസങ്ങൾകഴിപ്പാൻ കഴിയുമെങ്കിൽ അതു അവർക്കു ഗുണകരമായിട്ടുള്ള ഒന്നാണെന്നു അവർ കാണും. എന്നാൽ ദിവസംപ്രതി പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ജീവിതത്തെ നയിപ്പാൻവേണ്ടികുറച്ചുമാത്രം അഭ്യസിച്ചുകൊണ്ടിരിപ്പാൻ വിചാരിക്കുന്നവർ അമിതമായി ആഹാരം കഴിക്കാതിരുന്നാൽ മതി; മററുവിധത്തിൽ അവർക്കിഷ്ടമുള്ളതെല്ലാം കഴിക്കുന്നതിന്നു വിരോധമില്ല.

ശീഘ്രതരമായ കയററത്തെ ആഗ്രഹിക്കയും ക്ലേശിച്ചു അഭ്യസിക്കയും ചെയ്യുന്നവർക്കു പത്ഥ്യാഹാരത്തിലുള്ള നിഷ്കർഷം അവശ്യം ആവശ്യമത്രെ. ശരീരബന്ധം മൃദുമൃദുവായിത്തീരുന്തോറും ഏതെങ്കിലും അത്യല്പമായ സംഗതികൂടി സ്വാസ്ഥ്യത്തിന്നു ഭംഗം വരുത്തുന്നതായി നിങ്ങൾക്കു കാണാം. പൂർണ്ണമായ നിയമനശക്തിയുണ്ടാകുന്നതുവരെ ഒരുരുളവോ ആഹാരം അധികമായോ കുറഞ്ഞുപോയാൽ നിങ്ങളുടെ മുഴുവൻ ശരീരത്തിന്നും ഉപദ്രവം തട്ടുന്നതായിരിക്കും; അതിന്നുശേഷം നിങ്ങൾക്കു ഇഷ്ടമുള്ളതെല്ലാം ഭ

ക്ഷിക്കാം. നിങ്ങൾ ധാരണകൾ അഭ്യസിക്കുമ്പോൾ ഒരു മൊട്ടുസൂചി വീഴുന്നശബ്ദം നിങ്ങളുടെ തലയിൽക്കൂടി ഒരു ഇടിപൊട്ടുമ്പോഴത്തെ മുഴക്കംപോലെ ഗംഭീരമായി നിങ്ങൾക്കു കേൾക്കാം. ഇന്ദ്രിയങ്ങൾ അധികം സൂക്ഷ്മങ്ങളായിത്തീരുന്നു. പ്രത്യക്ഷങ്ങളും അധികം സൂക്ഷ്മങ്ങളായിത്തീരുന്നു. നമുക്കു കടന്നുപോകാനുള്ള സ്ഥാനങ്ങൾ ഇവയാണു. ഇളവിടാതെ ഇതിൽ പരിശ്രമിക്കുന്നവരെല്ലാം സിദ്ധന്മാരാകയും ചെയ്യും. എല്ലായുക്തിവാദങ്ങളും, മററുള്ള കുഴപ്പങ്ങളും ഒക്കെ തള്ളിക്കളയുവിൻ. ഈ വരണ്ട ബുദ്ധികൃതമായപ്രലാപങ്ങളിൽ എന്തെങ്കിലും സംഗതിയുണ്ടോ? ആത്മമനസ്സിന്റെ സ്വാസ്ഥ്യത്തെ ഭഞ്ജിക്കയും അതിനെ ഉപദ്രവിക്കയുംമാത്രം ചെയ്യുന്നു. ഈ സംഗതികൾ നാം അനുഭവിച്ചറിയേണ്ടവയാണ്. പ്രലാപങ്ങൾ കൊണ്ടു അതു സാധിക്കുമോ? അതുകൊണ്ടു നിരർത്ഥകമായ പ്രലാപങ്ങളെ വിട്ടുകളയുവിൻ. അനുഭവശാലികളാൽ എഴുതപ്പെട്ട പുസ്തകങ്ങൾമാത്രം വായിക്കയും ചെയ്യുവിൻ.

മുത്തുച്ചിപ്പിയെപ്പോലെ ഇരിക്കുവിൻ. ഇന്ത്യയിൽ ഒരു ഭംഗിയുള്ള കെട്ടുകഥയുണ്ടു്. എങ്ങിനെയെന്നാൽ; അശ്വതി നക്ഷത്രത്തിന്റെ ഉദയത്തിൽ മഴയുണ്ടാകയും ഒരു മഴത്തുള്ളി മുത്തുച്ചിപ്പിയുടെ ഉള്ളിൽ വീഴുകയും ചെയ്താൽ അതു് ഒരു മുത്തായി തീരുമത്രെ. മുത്തുച്ചിപ്പികൾക്കു അതറിയാം. അതുകൊണ്ടു ആ നക്ഷത്രം പ്രകാശിക്കുമ്പോൾ അവ മുകളിൽവരികയും ആ വിലയേറിയ മഴത്തുള്ളിയെ ഏററുകൊൾവാനായി കാത്തിരിക്കയും ചെയ്യുന്നു. ഒരു തുള്ളി അതിന്റെ ഉള്ളിൽ വീണ ഉടൻ വേഗത്തിൽ അതു തന്റെ ചിപ്പി പൂട്ടിക്കളകയും, ക്ഷമയോടുകൂടി അതിനെ പോററിവളർത്തി ഒരു മുത്താക്കുവാനായിട്ടു കടലിന്റെ അടിയിൽ മുങ്ങിക്കളകയും ചെയ്യുന്നു. നാം അതിനെപ്പോലെ ഇരിക്കണം. ആദ്യം ഉപദേശം കേൾക്കുക, പിന്നെ മനസ്സിലാക്കുക പിന്നെ എല്ലാ കുഴപ്പങ്ങളേയും വിട്ടുകളഞ്ഞിട്ടു് നമ്മുടെമനസ്സിനെ വെളിയിലുള്ള പ്രേരണകളിൽനിന്നു നിരോധിക്കുക, എന്നിട്ടു നാം ഉള്ളിൽ ഗ്രഹിച്ചിരിക്കുന്ന വസ്തുതയെ പരിപോഷിപ്പിക്കുന്നതിനായി നമ്മെ സ്വയമേവ ഉഴിഞ്ഞു വിടുകയും ചെയ്യുക, ഒരു അഭിപ്രായത്തെ അതിന്റെ പുതുമകൊണ്ടുമാത്രം സ്വീകരിക്കയും എന്നിട്ടു അതിനേക്കാൾ പുത്തനായ ഒന്നിനു വേണ്ടി അതിനെ വിട്ടുകളകയും ചെയ്യുന്നതിനാൽ നമ്മുടെ ആത്മശക്തികൾക്കു ക്ഷയം നേരിടുന്നു എന്നുള്ള ആപത്തുണ്ടു്. ഒരു സംഗതിയെ എടുക്കുക. അതിനെ പ്രവർത്തിക്കുക; എന്നിട്ടു അതിന്റെ അവസാനം കാണുക. അവസാനം കണ്ടല്ലാതെ അ

ത്തിനേ നിങ്ങൾ വിട്ടുകളയരുതു്. ഒരു അഭിപ്രായത്തിന്മേൽ ഉന്മത്തനായിത്തീരുന്നതാരോ അവൻ മാത്രമേ വെളിച്ചത്തെ കാണാനുള്ളു. അവിടേയും ഇവിടെയും ഓരോന്നു കടിച്ചും തുപ്പിയും മാത്രം നടക്കുന്നവർക്കു ഒരിക്കലും ഒന്നും കിട്ടുകയില്ല. അവർ അവരുടെ ഞരമ്പുകളെ ചിലപ്പോൾ കിക്കിറിയാക്കും, അവിടത്തന്നെ അതവസാനിക്കയും ചെയ്യും. അവർ പ്രകൃതിയുടെ അടിമകളാകുന്നു; ഇന്ദ്രിയങ്ങളെ അതിക്രമിച്ചു ഒരിക്കലും അവർ പോകയില്ല.

വാസ്തവത്തിൽ യോഗികളാവാൻ ആഗ്രഹിക്കുന്നവർ ഈ കടിച്ചും തുപ്പിയും നടക്കുന്ന ശീലത്തെ അശേഷം തള്ളിക്കളയണം. ഒരഭിപ്രായത്തെ പിടിക്കുക; ആ അഭിപ്രായത്തെ തന്നെ നിങ്ങളുടെ ജീവിതമാക്കിക്കൊള്ളുക. അതിനെപ്പററി മനോരാജ്യം ചിന്തിക്കുക; അതിനെപ്പററി ആലോചിക്കുക. ആ അഭിപ്രായം കൊണ്ടു ഉപജീവിക്കുക. തലച്ചോറും, ശരീരവും, മാംസപേശികളും, ഞരമ്പുകളും, നിങ്ങളുടെ ശരീരത്തിന്റെ ഓരോ ഭാഗവും ആ അഭിപ്രായം കൊണ്ടു നിറയട്ടെ, മററുള്ള എല്ലാ അഭിപ്രായങ്ങളേയും അപ്രകാരം ഉപേക്ഷിച്ചു കളകയും ചെയ്യുവിൻ. ഇതാണു് സിദ്ധിക്കുള്ള മാർഗ്ഗം, ഇങ്ങിനെയാണു് മഹാന്മാരായ സിദ്ധപുരുഷന്മാരുണ്ടായതു്. മററുള്ളവർ വെറും സംസാരിക്കുന്ന യന്ത്രങ്ങളത്രേ. നാം വാസ്തവത്തിൽ അനുഗ്രഹിക്കപ്പെട്ടവരാകേണമെങ്കിലും, മററുള്ളവരെ നമുക്കു അനുഗ്രഹിക്കപ്പെട്ടവരാക്കേണമെങ്കിലും നാം കുറേക്കൂടി അടിയിൽ കടന്നു നോക്കേണ്ടതാകുന്നു. അതിന്റെ ആദ്യത്തെ പടിയിൽ നാം മനസ്സിനെ ഉപദ്രവിക്കാതിരിക്കയും മനസ്സിനെ ഉപദ്രവിക്കുന്ന അഭിപ്രായങ്ങൾ ഉള്ളവരുമായി സഹവസിക്കാതിരിക്കയും ചെയ്യുന്നു. ചില ആളുകളും ചില സ്ഥലങ്ങളും ചില ഭക്ഷണസാധനങ്ങളും നിങ്ങൾക്കു വെറുപ്പുണ്ടാകുന്നതായി നിങ്ങൾ എല്ലാവരുമറിയുമല്ലോ. അവററയെ വിട്ടൊഴിക്കുവിൻ. ഏററവും ഉയർന്നതായ സ്ഥാനത്തിൽ എത്താൻ ആഗ്രഹിക്കുന്നവർ എല്ലാ സഹവാസത്തെയും നല്ലതായാലും ചീത്തയായാലും വിട്ടൊഴിക്കേണ്ടതുമാകുന്നു. കഠിനമായി അഭ്യസിക്കുവിൻ. നിങ്ങൾ ജീവിക്കയോ മരിക്കയോ ചെയ്യട്ടെ അതു സാരമില്ല. നിങ്ങൾ ഫലത്തെപ്പററി ചിന്തിക്കാതെ അതിൽ ആണ്ടുകിടന്നു ശ്രമിക്കേണ്ടതാണു്. വേണ്ടിടത്തോളം ശൂരതയുണ്ടെങ്കിൽ ആറുമാസംകൊണ്ടു നിങ്ങൾ ഒരു പൂർത്തിയായ യോഗിയാകാം. ഇതിൽ ഒരു ശകലം എടുക്കുന്നവർ അതായതു എല്ലാററിൽനിന്നും അല്പാല്പം കൈക്കൊള്ളുന്ന മററുള്ളവരാകട്ടെ അല്പംമുകളിൽ എത്തുന്നില്ല കേവലം ഒരുക്കൂട്ടം

പാഠങ്ങളെ പഠിച്ചതിൽ ഒന്നുംകൊണ്ടു പ്രയോജനമില്ല. താമസഗുണംകൊണ്ടുനിറഞ്ഞ മൂഢന്മാരും, മന്ദബുദ്ധികളുമായി, ഒരഭിപ്രായത്തിലും മനസ്സ് സ്ഥിരമായി നിൽക്കാത്തവരായി, വിനോദത്തിന്നായി മാത്രം എന്തെങ്കിലും വേണമെന്നു കാംക്ഷിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു മതവും തത്വജ്ഞാനവും കേവലം വിനോദമാത്രമാകുന്നു. അവർ ഒരു വിനോദത്തിന്നായി മതത്തെ അന്വേഷിക്കയും വിനോദകരമായ ആ ഒരു ശകലം അതിൽനിന്നു ലഭിക്കയും ചെയ്യുന്നു. ഇവരാണ് അസ്ഥിരപരിശ്രമികൾ. അവർ ഒരു പ്രസംഗം കേൾക്കുന്നു, അതു വളരെ രസമുള്ളതാണെന്നു വിചാരിക്കുന്നു, ഉടനെ വീട്ടിൽ പോകുന്നു; അതിനെപ്പററിയുള്ളതു ആകപ്പാടെ മറന്നുകളകയും ചെയ്യുന്നു. സിദ്ധിയുണ്ടാകണമെങ്കിൽ അതിമഹത്തായ സ്ഥിരപരിശ്രമംവേണം, അതിമഹത്തായ മനശ്ശക്തിവേണം. "ഞാൻ സമുദ്രത്തെ കുടിച്ചുവററിക്കും; ഞാൻവിചാരിച്ചാൽ പർവതങ്ങൾ തകർന്നുവീഴും" എന്നാണ് സ്ഥിരപരിശ്രമിയായ പുരുഷൻ പറയുന്നതു. അതുപോലെയുള്ള പൌരുഷത്തേയും അതുപോലെയുള്ള മനശ്ശക്തിയേയും വഹിക്കുവിൻ. തീവ്രമായ ശ്രമം ചെയ്യുവിൻ. അപ്പോൾ നിങ്ങൾ ഉദ്ദേശിച്ചേടത്തിൽ എത്തും.

---

## അദ്ധ്യായം ൭.

### ധ്യാനവും, സമാധിയും

രാജയോഗം നമ്മെക്കൊണ്ടുപോകുന്ന ഉദ്ദേശ്യസ്ഥാനവും ലക്ഷ്യവുമായ, ഏകാഗ്രതയുടെ പരിശീലനമാകുന്ന സൂക്ഷ്മതരങ്ങളായവയെ ഒഴിച്ചുള്ള രാജയോഗത്തിന്റെ പല പടികളേയുംപററിയ സാമാന്യമായ നിരൂപണം നാം ചെയ്തുകഴിഞ്ഞു. മനുഷ്യരുടെ നിലയിൽ നാം നമ്മുടെ ബുദ്ധിപൂർവമാണെന്നു പറയുന്ന അറിവുകൾ എല്ലാം ഒരു സ്വപ്രബോധത്തെ സംബന്ധിച്ചിരിക്കുന്നതായികാണുന്നു. ഈ മേശ ഇവിടെ ഇരിക്കുന്നു എന്നെനിക്കു ബോധമുണ്ടു, നിങ്ങൾ ഇവിടെ ഉണ്ടെന്നു എനിക്കു ബോധമുണ്ടു, ഇത്യാദിനോ

ക്കുക. അതാണ് നിങ്ങൾ ഇവിടെ ഉണ്ട്. ഈ ദേഹ ഇവിടെ യുണ്ട്, ഞാൻ കാണുകയും, തൊടുകയും കേൾക്കയും ചെയ്യുന്ന വിഷയങ്ങൾ എല്ലാം ഇവിടെയുണ്ട്. എന്നു എന്നെ അറിയിപ്പിക്കുന്നതു; എന്നാൽ അതോടുകൂടിത്തന്നെ എന്റെ ജീവിതത്തിന്റെ ഒരു വലിയഭാഗം എനിക്കു ബോധമില്ലാത്തതായും ഉണ്ട്. ശരീരത്തിനുള്ളിലുള്ള ഇന്ദ്രിയങ്ങൾ എല്ലാം, തലച്ചോറിന്റെ നാനാഭാഗങ്ങൾ, തലച്ചോറ് ഈ വസ്തുക്കളെപ്പററി ആർക്കും ബോധമില്ലല്ലോ.

ഞാൻ ആഹാരത്തെ ഭക്ഷിക്കുമ്പോൾ അതു ഞാൻ ബോധത്തോടുകൂടി ചെയ്യുന്നു. അതിനെ (ശരീരത്തിൽ) പരിണമിപ്പിക്കുമ്പോൾ അതു ഞാൻ ബോധത്തോടുകൂടാതെ ചെയ്യുന്നു. ആഹാരം രക്തമായി സൃഷ്ടിക്കപ്പെടുമ്പോൾ അതു ബോധരഹിതമായി ചെയ്യപ്പെടുന്നു. ആ രക്തത്തിൽനിന്നു എന്റെ ശരീരത്തിന്റെ ഓരോ ഭാഗങ്ങളും നിർമ്മിക്കപ്പെടുമ്പോൾ അതു ബോധരഹിതമായി ചെയ്യപ്പെടുന്നു. എന്നാലും ഇതിനെ ചെയ്യുന്നതൊക്കെ ഞാൻതന്നെയാണ്. ഈ ഒരു ശരീരത്തിൽ പത്തിരുപതു ആളുകൾ ഉണ്ടായിരുന്നു എന്നു വരുന്നതല്ലല്ലോ. ഞാനാണിതു ചെയ്യുന്നതെന്നും മററാരുമല്ലെന്നും എനിക്കു എങ്ങിനെ അറിയാം? എന്റെ പ്രവൃത്തി ആഹാരത്തെ ഭക്ഷിക്കുന്നതു മാത്രമാണെന്നും, അതിനെ പരിണമിപ്പിക്കയും, ആ ആഹാരത്തിൽനിന്നു ശരീരത്തെ നിർമ്മിക്കയും ചെയ്യുന്നതു എനിക്കുവേണ്ടി മററാരോ ആണെന്നും വാദം വരുന്നതാകാം. അതു പാടില്ല. എന്തുകൊണ്ടെന്നാൽ നമുക്കുബോധമില്ലാതെ കിടക്കുന്ന മിക്കവാറും എല്ലാക്രിയകളേയും നമ്മുടെബോധത്തിന്റെ മുകളിൽ തിരിയെകൊണ്ടുവരാൻ കഴിയുന്നതായിട്ടു ദൃഷ്ടാന്തപ്പെടുത്താവുന്നതാണ്. നമ്മുടെ ഹൃദയം പ്രത്യക്ഷത്തിൽ നമ്മുടെ വരുതികൂടാതെ ഓടിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയിരിക്കുന്നനമ്മിൽ ആരും ഹൃദയത്തെ വരുതിയിൽനിർത്താൻ കഴികയില്ല. അതു അതിന്റെ വഴിയെ പോയിക്കൊണ്ടിരിക്കുന്നു. എന്നാൽ അഭ്യാസംകൊണ്ടു മനുഷ്യനു ഹൃദയത്തെപ്പോലും വരുതിയിൽവയ്പാൻ കഴിയും, അതു അവന്റെ ഇഷ്ടംപോലെ മന്ദമായോ ശീഘ്രമായോ ഓടിക്കുകയോ മിക്കവാറും നിന്നുപോകതന്നെയോ ചെയ്യും. മിക്കവാറും ശരീരത്തിന്റെ എല്ലാഭാഗങ്ങളേയും ആജ്ഞയിൽ കൊണ്ടുവരാൻ കഴിയും. ഇതു എന്തിനെ കാണിക്കുന്നു? നമ്മുടെ ബോധസ്ഥാനത്തിനു താഴെയുള്ള വകളും നമ്മാൽ ചെയ്യപ്പെടുന്നവ തന്നെ എന്നും എന്നാൽ നാം അവയെ ബോധത്തോടുകൂടാതെ ചെയ്യുന്നു

(മദ്രാസ് ഗവർമ്മെൻറ് കൃഷിഡിപ്പാർട്ടുമെൻറിൽനിന്നയച്ചുതന്ന ലഘുപത്രികയുടെ തർജ്ജിമ)

## കുരുമുളകു കൃഷി.

---

കുരുമുളകുവള്ളി മലയാളജില്ലയിലെ ഒരു പ്രത്യേകച്ചെടിയാകുന്നു. പശ്ചിമഘട്ടത്തിൻറെ താഴ്വരകളിലെ വൻകാടുകളിൽ ഒരു കാട്ടുചെടിയായി ഇപ്പോഴുംകൂടി വളർന്നുകാണപ്പെടുന്നു. അവിടെനിന്നു ഒരു വഴിക്കു വയനാട്ടിലും കുടകിലുംവരെ ഇതു വ്യാപിക്കയും മറ്റൊരുവഴിക്കു നേരെ സമുദ്രതീരംവരെ എത്തുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു വൃക്ഷങ്ങൾ ഉള്ള പറമ്പുകളിൽ എല്ലാം ഇതിൻറെ സാധാരണമായ കൃഷി നടന്നുകൊണ്ടിരിക്കുന്നു. എന്നാൽ ആദ്യമായി കേരളത്തിൽ ഒരു ചെടിയായിരുന്നു എങ്കിലും ഇതുവളരെ ദൂരത്തിൽ എത്തുകയും ഇപ്പോൾ ആസ്ത്രേലിയാവരെയുള്ള എല്ലാ ദ്വീപുകളിലും അതിനെ കൃഷിയായി വളർത്തിവരികയും ചെയ്യുന്നു. അതുകൊണ്ടു ഇപ്പോൾ കുരുമുളകിൻറെ പ്രധാന ഉൽപാദനസ്ഥലം ഇന്ത്യയിൽനിന്നുമാറി സിംഗപ്പൂരായി തീർന്നിരിക്കയാകുന്നു. അവിടെ ഇതു തലശ്ശേരിയിലേക്കാൾ എത്രയോ മടങ്ങുകൾ അധികം ഉല്പത്തി ചെയ്യപ്പെട്ടുവരുന്നുണ്ടു്. എന്നാൽ മലയാളത്തെ ഇതു പിന്നാക്കം തള്ളിയിരിക്കയാണെങ്കിലും തലശ്ശേരിയിലെ കുരുമുളകു പല സ്ഥലങ്ങളിൽ ഏറ്റവും നല്ലതായി സ്തുതിക്കപ്പെട്ടതാകുന്നു. ഇതിൻറെ കൃഷിക്കു ഇന്ത്യയിലെ പടിഞ്ഞാറെക്കരകൾ മാത്രമേ പററൂ.

ചരിത്രസംബന്ധമായി മുളകിനെപ്പററി അറിയുന്നതു ഏററവും രസാവഹമാണു്. ഇന്ത്യയുടെ സ്ഥിതിഭേദത്തിനു മറെറതുമൊട്ടെയധികം മുളകു അധികം പ്രേരകമായിരുന്നിട്ടുണ്ടു്. യൂറോപ്യൻ ദേശാന്വേഷികളുടെയും കച്ചവടക്കാരുടെയും ശ്രദ്ധയെ ആദ്യം ഇന്ത്യയിലേക്കു ആകർഷിച്ചതു മുളകാണു്. വാസ്കോഡിഗാമ ഗുഡ്ഹോപ്പുമുനമ്പിനെച്ചുററി മലയാളത്തേക്കുള്ള അദ്ദേഹത്തിൻറെ പ്രസിദ്ധപ്പെട്ട കപ്പൽയാത്ര ചെയ്തതു മുളകു സാധാരണവിലക്കു ശേഖരിച്ചു് സ്വരാജ്യത്തുകൊണ്ടുപോയി വിലകൂടിച്ചു വില്ക്കാനുള്ള ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു. പടിഞ്ഞാറെക്കരയിൽ പോർട്ടുഗീസുകാരുടെവക സ്ഥലങ്ങൾ ഉണ്ടാവാൻ ഹേതുവായ് തീർന്നതു അതാണ്. അതിനുശേഷം ഡച്ചുകാർവന്നു അവർ മുളകുകച്ചവടം യൂറോപ്പിൽ തങ്ങളുടെ ഏകാധികാരത്തിൽ ആക്കി. ഇവർ മുളകിനു വിലകൂട്ടിയതുകൊണ്ടാണു് ലണ്ടനിലെ ദ്രവ്യസ്ഥന്മാരായ ഏതാനും കച്ചവടക്കാർ സംഘംകൂടി ഇന്ത്യയുമായി നേരിട്ടു മുളകുകച്ചവടം ചെയ്വാൻ തീർച്ചയാക്കുകയും ഈസ്റ്റിന്ത്യാക്കമ്പനി സ്ഥാപിക്കയും ചെയ്തു

തു. അതുകൊണ്ടു കുരുമുളകാണ് ബ്രിട്ടീഷുകാർ ഇന്ത്യയിൽ കുടിയേറിപ്പാർപ്പാനും, വിവിധജാതിജനങ്ങളെ ഒരു നിയമത്തിൻെറ കീഴിൽ ഭരിപ്പാനും, ഇന്ത്യാചരിത്രത്തിൽകാണപ്പെടുന്ന രക്തപ്രചുരമായ യുദ്ധങ്ങളെ അവസാനിപ്പിപ്പാനും ആദ്യകാരണമായിരുന്നതു.

മുളകുവള്ളി ഒരിക്കൽ മരത്തിൽപടൎന്നുപിടിച്ചുകഴിഞ്ഞാൽ അതിനെപ്പററി പിന്നെ അത്ര ശ്രദ്ധിക്കേണമെന്നില്ല. ഏതു ശ്രദ്ധിക്കാതെയും സാരമാക്കാതെയും ഇരുന്നാലും കൊല്ലംതോറും വീട്ടുമടസ്ഥന്നു നികുതിയടപ്പാൻ മതിയാകത്തക്കവണ്ണമുള്ള ഒരു നല്ല ചെറിയ വിളവു അതിൽനിന്നു കിട്ടിവരുന്നുണ്ടു. എന്നാൽ പറമ്പുകളിൽ മുളകുവള്ളികൾ എല്ലാം ഒന്നുപോലെയല്ല ഇരിക്കാറെന്നു എല്ലാവൎക്കുമറിയാം. ചിലതു നല്ലവണ്ണം വളരുന്നു. ചിലതു മോശമായിരിക്കുന്നു. ചിലതു നല്ലവണ്ണം കായ്ക്കുന്നു. ചിലതിൽ വല്ലപ്പോഴും കുറച്ചു കായ്കൾ മാത്രമുണ്ടാകുന്നു. മുളകുകൃഷിക്കാരെ തങ്ങൾ കൃഷിചെയ്യുന്ന വള്ളികളുടെ സ്വഭാവത്തെ നന്നാക്കുന്നതിൽ സഹായിക്കുന്നതിനുദ്ദേശിച്ചിട്ടാണു് മദ്രാസ് ഗവൎമ്മെൻറിൽനിന്നു തളിപ്പറമ്പത്തു ഒരു മുളകുകൃഷിത്തോട്ടം ഏൎപ്പെടുത്തിയതു്. ഇപ്പോൾ നല്ലതും ചീത്തയുമായ വള്ളികളെ നടുന്നതിനുമുമ്പുതന്നെ തിരിച്ചറിയുന്നതു എളുപ്പമാണെന്നുകണ്ടിരിക്കുന്നു. ഈ കൃഷിത്തോട്ടം മാനേജരോടു ആരെങ്കിലും ആവശ്യപ്പെടുന്നതായാൽ അദ്ദേഹം പൂൎണ്ണമായവിവരം സന്തോഷപൂൎവം അറിയിച്ചുകൊടുക്കുന്നതുമാകുന്നു. ചീത്തജാതിവള്ളികളെ നട്ടുവളൎത്തുന്നതിനും നല്ലവള്ളികൾവളൎത്തുന്നതുതന്നെ പ്രയാസവും കഷ്ടതയുമുണ്ടു്. സ്വല്പംകൂടി സൂക്ഷിച്ചാൽ ഗണ്യമായവിധത്തിൽ അധികമായവിളവു കൊല്ലംതോറും കിട്ടുന്നതാകയാൽ ആ സൂക്ഷ്മത്തിന്നു അതു പൂൎണ്ണമായ പ്രതിഫലമായിത്തീരുന്നതാണ്. ഇതു കായ്ക്കുന്നതിനു കുറെ സമയം വേണമെന്നുള്ളതു ശരിതന്നെ. അതുനിമിത്തം ഈ ശ്രമം അത്ര ഗുണമുള്ളതല്ലെന്നും ജനങ്ങൾ പറഞ്ഞേക്കാം. എന്നാൽ മോശമായി കായ്ക്കുന്ന ഒരു മരം നട്ടുവളൎത്തുന്നതിനേക്കാൾ കായ്ക്കുന്നതിനു അനേക കൊല്ലം വേണ്ടിവന്നാലും നല്ലവണ്ണംകായ്ക്കുന്ന ഒന്നിനെ നട്ടുവളൎത്തുന്നതാണ് നല്ലതു. അതുകൊണ്ടു തങ്ങളുടെ സന്താനങ്ങളെ ഉദ്ദേശിച്ചു, സ്ഥിരമായതും ഗുണമുള്ളതുമായ മുളകുവള്ളിയെ സംബന്ധിച്ചു കൃഷിക്കാർ കുറെക്കൂടി ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. ഏററവും നല്ലജാതിയിലുള്ള വള്ളിയെ തിരഞ്ഞെടുക്കണം. ചുവട്ടിന്നു സമീപം കൊല്ലംതോറും കിളയ്ക്കണം. പറമ്പിൻെറ മററുഭാഗങ്ങളിൽനിന്നു ഉണക്കയിലകളും, കപ്പകളും, വീട്ടിൽഉള്ള ചവറുകളും മുളകുകിടക്കുന്ന മരത്തിൻെറ ചുവട്ടിൽകൊണ്ടുചെന്നു കൂട്ടണം. യൂറോപ്യൻതോട്ടക്കാൎക്കു അവരുടെ വള്ളിയിൽനിന്നു നാട്ടുകാൎക്കു കിട്ടിവരുന്നതിൽഅധികം ഫലങ്ങൾ കിട്ടുന്നുണ്ടെന്നറിയുന്നതു അത്ര ര

സമ്പാദിച്ചിട്ടുള്ളതല്ല. പണ്ടത്തെ പ്രധാനമുള്ള കല്പാടസ്ഥലം ഇത്ര എളുപ്പത്തിൽ മലയാളത്തിൽനിന്നു പൊയ്പ്പോകയും ഇന്ത്യയിൽനിന്നു തന്നെ ഹരിക്കപ്പെട്ടുപോകയും ചെയ്വാൻ ഇടവന്നതും അത്ര പ്രശംസനീയമാണെന്നും തോന്നുന്നില്ല.

സി- ഏ- ബാർബർ
ഗവർമ്മെൻറുബൊട്ടാനിസ്റ്റ്.

---

## കാളിക്കോട്ടയും, ജഗന്നാഥക്ഷേത്രവും

---

[ശ്രീകണ്ഠകുമാരൻ]

കാളിക്കോട്ടയെപ്പററി മിസ്ററർ പി. ററി. കണ്ണൻ കഴിഞ്ഞതവണ "വിവേകോദയ"ത്തിൽ എഴുതിയ ലേഖനത്തിൽ തലശ്ശേരിയിലെ ജഗന്നാഥക്ഷേത്രത്തേയും പിടിച്ചിട്ടതായി കാണുന്നു. ജഗന്നാഥക്ഷേത്രത്തിൽ നാലമ്പലത്തിനുള്ളിൽ കടക്കുന്നവർ കുപ്പായം ധരിക്കാൻ പാടില്ലെന്നൊരു നിശ്ചയമുണ്ട്. കുപ്പായം മാത്രമല്ല, കുടയും കൊണ്ടുപോയിക്കൂടാ. മിസ്ററർ പി. ററി. കണ്ണൻ ഒരുദിവസം തന്റെ കുടയും കക്ഷത്തിലാക്കി നാലമ്പലത്തിനുള്ളിൽ പ്രവേശിക്കാൻ പുറപ്പെട്ടു. അപ്പോൾ "ഒരു മാലക്കാരൻ (?) കുടയകത്തേക്കു കൊണ്ടുപോകാൻ പാടില്ലെന്നും മററും ധിക്കാരവാക്കുകൾ ഉപയോഗിച്ചു" മിസ്ററർ കണ്ണനെ "ശാസിച്ചു" പോൽ. ഈ സംഭവം കാളിക്കോട്ടയിൽ കുപ്പായമഴിക്കാതെയും, പാദരക്ഷ തന്റെ പ്രിയപ്പെട്ട കുടയോടുകൂടിയും പ്രവേശിക്കാൻ മിസ്ററർ കണ്ണനു അനുവാദംകിട്ടിയപ്പോൾ ഓർമ്മവന്നുപോൽ. എന്നിട്ട് മിസ്ററർ കണ്ണൻ ഇങ്ങിനെ പറയുന്നു:-

"തെക്കേ ഇന്ത്യയിലുള്ള ഒട്ടുമിക്കവാറും ക്ഷേത്രങ്ങളിൽ ഞാൻ പോയിട്ടുണ്ട്. നമ്മുടെ ജഗന്നാഥക്ഷേത്രത്തിലൊഴിച്ചു വേറെ ഒരു ക്ഷേത്രത്തിലും കടക്കാൻ ഞാൻ കുപ്പായം അഴിച്ചുവച്ചിട്ടില്ല." മിസ്ററർ കണ്ണനെയും അദ്ദേഹത്തിന്റെ കുപ്പായത്തേയുംപററി ഞാൻ സത്യമായും അനുശോചിക്കുന്നു. ഏതായാലും തെക്കെ ഇന്ത്യയിലെ ഒട്ടുമിക്കവാറും ക്ഷേത്രങ്ങൾ എന്ന പദത്തിൽ കേരളത്തിലെ ക്ഷേത്രങ്ങൾ ഉൾപ്പെട്ടതെന്നു തോന്നുന്നില്ല. കേരളത്തിലെ മററു ക്ഷേത്രങ്ങളിൽ തീയ്യർക്ക് കടക്കാൻ പാടില്ലാത്തതിനാൽ ഞാൻ ഇതുവരെ ഒന്നിലും കടന്നിട്ടില്ല. മിസ്ററർ കണ്ണനും കടന്നിട്ടില്ലെന്നാണ് ഞാൻ വിശ്വസിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥിതിനിമിത്തം

അങ്ങിനെ നില്ലയും സാധിക്കയോ, പ്രത്യേകം ശ്ലാഘിച്ചും വിധിക്കയോ ചെയ്തിട്ടുണ്ടായിരിക്കാം. എന്നാലും അവിടങ്ങളിലെ കടകളെപ്പോലെ ക്രയവിക്രയങ്ങൾ പാടുണ്ടോ എന്ന കാര്യത്തെപ്പറ്റി എനിക്ക ബലമായ സംശയമുണ്ട്. ആകട്ടെ, ഒരു കെണ്ണൻറിയിലെ ക്ഷേത്രങ്ങളെപ്പറ്റിപ്പറയുംപോലെ മിസ്റ്റർ കണ്ണൻ കടക്കാൻ പാടില്ലാത്ത വഴിയ നിർദ്ദേശം ഉപേക്ഷിച്ചുകളഞ്ഞതായിരിക്കാം. അഥവാ "ഒട്ടു മുതൽ" കഴിഞ്ഞുമ്പാക്കിയുള്ള "ഭിന്നിതം" കൊണ്ട് വശീകരിക്കപ്പെട്ട സംഖ്യയിൽ കേരളത്തിലെ ക്ഷേത്രങ്ങളെ തള്ളിവിട്ടതായിരിക്കാം. മിസ്റ്റർ കണ്ണൻറെ കടക്കേസ്സ് മദിരാശി "റെൻബനാറ" കമ്പനിയിലെ കടക്കേസ്സിനെ പറ്റുകൊണ്ടായിരിക്കും അദ്ദേഹത്തോട ഓർമ്മപ്പെടുത്താതിരുന്നതെന്നറിയുന്നില്ല. "റെൻബനാറ" മുതലായ കമ്പനിക്കാരുടെ ഷാപ്പിൽ കടന്നപ്പോൾ ചെരിപ്പുമുതലായവ ഉള്ളിൽ കടത്താൻ പാടില്ല. അത് വാതിലിന്നടുക്കൽ നിൽക്കുന്ന പട്ടക്കാരനെ (മലയാളരല്ല) ഏൽപ്പിക്കണം. ഹൈക്കോടതിയിൽ ഒരു കേസ്സിനു പോയ മലയാളക്കാരൻ ഒരു നാടൻ "റെൻബനാറ" ഷാപ്പിൽ പോയി. പോകുമ്പോൾ തൻറെ കുടയും കക്ഷത്തിലുണ്ടായിരുന്നു. താനി ഏറ്റീയപ്പെട്ടതാടയായിരുന്നു. ഉറയുംമാറിയിട്ട് ഭദ്രമായി സൂക്ഷിച്ചതാണ്. കുടകളെപോലെ പട്ടക്കാരൻ കുട കടന്നുപിടിച്ചു. നാടൻ അമർത്തുവലിച്ചു. നാടൻറെ ഭാഷ പട്ടക്കാരനും, പട്ടക്കാരൻറെ ഭാഷ നാടനും അറിഞ്ഞുകൂട. തമ്മിൽ പിടിയും വലിയുമായി. "മദ്രാശിപട്ടണവാട്ടകരിൽ" ഒരാളായിരിക്കാം അവനെന്ന് പട്ടക്കാരനെയും നാടൻ ധരിച്ചുവശായി. ശണ്ഠമൂത്തു. കുടയോടുകൂടി അകത്തുപോകാൻ പട്ടക്കാരൻ വിട്ടില്ല. കുടയില്ലാതെ പോകാൻ നാടന്നു മനസ്സുമില്ല. ഒടുവിൽ ആരോ വന്ന് നാടനെ കാര്യം പറഞ്ഞു മനസ്സിലാക്കി. നാടൻ ഷാപ്പിൽ കടക്കാതെ കുടയും കൊണ്ട് മടങ്ങിപ്പോയി.

റെൻബനാറിൻറെ കാര്യംവേറെ ഞാൻ പറയുന്ന ക്ഷേത്രത്തിലെ കാര്യംവേറെ. കുടകളിൽ കടത്തരുതെന്നുള്ളതിന്ന രണ്ടേടത്തെയും കാരണം ഭേദമാണ്. "ഈ നിർബ്ബന്ധമായ നിയമം നമ്മുടെ ക്ഷേത്രത്തിൽ ഏർപ്പെടുത്തിയവൻ ഏതോ ചില സാരമായ ഉദ്ദേശത്തോടെ അങ്ങിനെ ചെയ്തതായിരിക്കണമെന്നുവെച്ച് അതിനെപ്പറ്റി ഞാൻ ഒന്നുംതന്നെ പറയുന്നില്ല." എന്ന മിസ്റ്റർ കണ്ണൻ എഴുതീട്ടുണ്ട്. ഈ "സാരമായ ഉദ്ദേശ"ത്തെപ്പറ്റി വല്ലതും ആലോചിച്ചുതന്നെ വല്ലവരും ശോധന ചെയ്തു തീർപ്പാക്കപ്പെട്ടിരുന്നുവെങ്കിൽ കാലിക്കോട്ടയോളം ഈ "ശങ്ക" ഇഴച്ചുവലിച്ചുകൊണ്ട് പോരേണ്ടിവരില്ലായിരുന്നു. ക്ഷേത്രത്തിൽ കടക്കുന്നതു കഴിയുന്നതും വൃത്തിയിലായിരിക്കണമെന്നുള്ള കാര്യം മിസ്റ്റർ കണ്ണനും സമ്മതിക്കുമെന്നാണ് എൻറെ വിശ്വാസം. യുവാക്കന്മാർ പള്ളിയിൽ പോകുമ്പോൾ ധരിക്കാൻ ഭംഗിയിൽ ഉണ്ടാക്കി വൃത്തിയിൽ വെക്കുന്ന കുപ്പായങ്ങൾ വേറെ

തന്നെ ഉണ്ടായിരിക്കാം. എന്നു അവർ ഓരോ അവസരത്തിൽ ധരിക്കേണ്ടുന്ന ഓരോവിധം വസ്ത്രം ഉണ്ടെന്നല്ലാ. ആഫീസിൽ പോകുമ്പോൾ ധരിക്കുന്ന ഉടുപ്പ് അവർ പള്ളിയിൽ പോകുമ്പോൾ ധരിക്കയില്ല. പള്ളിയിൽ ധരിക്കുന്നതു, കത്രസ്സുവാരികളിടുകയില്ല. ഇങ്ങിനെ ഓരോ അവസരങ്ങളിലേക്കു പ്രത്യേകം ധരിക്കാൻ മിസ്റ്റർ കണ്ണനും പ്രത്യേകം വസ്ത്രങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ തീയ്യസമുദായത്തിനു ഒട്ടാകെ അങ്ങിനെ ഇല്ലെന്നുള്ളതു തീർച്ചയാണല്ലൊ. ക്ഷേത്രത്തിൽ കുപ്പായം ധരിക്കാമെന്നൊരു സമ്പ്രദായമുണ്ടായാൽ ആഫീസിൽപോകുമ്പോഴും ക്രിക്കറ്റിന്നു പോകുമ്പോഴും ധരിക്കാറുള്ള കുപ്പായങ്ങളോടുകൂടി ക്ഷേത്രത്തിൽ കടന്നു വരുന്നവർ ഉണ്ടായേക്കാമല്ലൊ. മിസ്റ്റർ കണ്ണനും അദ്ദേഹത്തെപ്പോലുള്ള മാന്യന്മാരും ക്ഷേത്രത്തിലേയ്ക്കു ഏററവും വൃത്തിയുള്ള കുപ്പായം വേറെതന്നെ സൂക്ഷിച്ചുവെച്ചു ധരിക്കുമെന്നിരുന്നാലും പ്രസിദ്ധപ്പെട്ട കറുത്ത കുപ്പായക്കാരെപ്പററി അദ്ദേഹവും അറിയുന്നതാണല്ലൊ. ഒരു കറുത്ത കോട്ടു് നാലഞ്ചുകൊല്ലം ഒരുപോലെ സർവ്വത്തിലേക്കും എല്ലാ ആവശ്യത്തിലേക്കും ധരിക്കാൻ തക്കവിധത്തിൽ ഉണ്ടാക്കിക്കുന്ന സരസന്മാർ എത്രയുണ്ടു്. ആവകയിൽ ചിലരുടെ അടുത്ത സഹവാസം തന്നെ അധികസമയത്തേക്കു നീണ്ടുപോകാൻ ഘ്രാണേന്ദ്രിയം സമ്മതിക്കാതിരിക്കാറുണ്ടെന്നുള്ളതു പക്ഷെ അനുഭവമാകാൻ സംഗതിയുള്ള മിസ്റ്റർ കണ്ണൻ ക്ഷേത്രത്തിനുള്ളിലും കുപ്പായംവേണമെന്നു അത്ര വാശിയോടുകൂടി ശഠിക്കുമെന്നു തോന്നുന്നില്ല. മിസ്റ്റർ കണ്ണൻ "ലോജിക്ക്" മുതലായ ശാസ്ത്രങ്ങൾ പഠിച്ചു വിദ്വാനാണല്ലൊ. കാളിക്കോട്ടുക്ഷേത്രത്തിലും മററുള്ള ചില ക്ഷേത്രങ്ങളിലും കുപ്പായംധരിച്ചു കടക്കാമെന്നുള്ളതുകൊണ്ടു് ജഗന്നാഥക്ഷേത്രത്തിലും അതിനെ അനുവദിക്കേണമെന്നുള്ളതു ഒരു ന്യായമായിരിക്കയില്ലെന്നു അദ്ദേഹം സമ്മതിക്കുമെന്നു തോന്നുന്നു. കാളിക്ഷേത്രവും ജഗന്നാഥക്ഷേത്രവും മററു ചില സംഗതികളിലും വ്യത്യാസമുണ്ടെന്നു മിസ്റ്റർ കണ്ണൻറെ ലേഖനം വായിക്കുന്നവർക്കു മനസ്സിലായിട്ടുണ്ടായിരിക്കാം. മിസ്റ്റർ കണ്ണൻ അതു എടുത്തുകാണിച്ചിട്ടില്ലെന്നേ ഉള്ളൂ. കാളിക്കോട്ടയിലെ ആടുവെട്ടും, ചോരയൊഴുക്കും, മററും ജഗന്നാഥക്ഷേത്രത്തിലില്ല. മിസ്റ്റർ കണ്ണൻ പോയ മററു ചില ക്ഷേത്രങ്ങളിലും അവ ഉണ്ടായിരിക്കാം. അതും ജഗന്നാഥക്ഷേത്രക്കാർ പകർത്തുകൊള്ളണമെന്നു പറയുമെങ്കിൽ വലിയ കഷ്ടമായിരിക്കുമെന്നേ പറയുന്നുള്ളൂ.

## വർത്തമാനങ്ങളും മററും.

ഹൈദരാബാദിലെ "ഭാരതശുദ്ധിസഭക്കാർ" ഇയ്യിടെ നല്ല വിദ്വാന്മാരായ രണ്ടു മുസൽമാന്മാരെ ഹിന്ദുമതത്തിൽ ചേർത്തിരിക്കുന്നതായി അറിയുന്നു. ഈ സഭക്കാർ ഇപ്പോൾ ആകപ്പാടെ ൨൧൫- മുസൽമാന്മാരെയും ക്രിസ്ത്യാനികളെയും ഹിന്ദുക്കളാക്കിട്ടുണ്ടുപോൽ.

൧൬- വയസ്സിൽതാഴെയുള്ള കുട്ടികൾക്കു പുകയിലയോ പുകയിലകൊണ്ടുണ്ടാക്കിയ ചുരുട്ടു, സിഗററു മുതലായ സാധനങ്ങളെ വില്പാൻ പാടില്ലെന്നു സിലോണിൽ ഒരു നിയമം പാസ്സാക്കിയിരിക്കുന്നു. പതിനാറുവയസ്സിൽതാഴെയുള്ള കുട്ടികൾ പബ്ലിക്ക് സ്ഥലത്തുവെച്ചു ചുരുട്ടോ സിഗററോ വലിക്കുന്നതുകണ്ടാൽ അതു പിടിച്ചുപറിക്കുവാൻ പോലീസുകാർക്കു ഈ നിയമത്താൽ അധികാരം കൊടുത്തിട്ടും ഉണ്ട്. ഏപ്രിൽ ൧-ാം൹-മുതൽ നിയമം നടപ്പായി.

അമേരിക്കയിൽ ഇപ്പോൾ ഏകദേശം ഒരുകോടി നീഗ്രോ (കാപ്പിരി) ജാതിക്കാരുണ്ട്. അവരുടെ ഉത്സാഹവും അതിപ്രയത്നവും നിമിത്തം അവരിൽ പലരും വിദ്യയിലും ധനത്തിലും മാന്യപദവിയെ പ്രാപിച്ചുവരുന്നതായി അറിയുന്നതു അവരെപ്പോലെതന്നെ പല ബുദ്ധിമുട്ടുകളും അനുഭവിച്ചുവരുന്ന ചില ജാതിക്കാർക്കു അത്യന്തസന്തോഷവർത്തമാനമാകുന്നു. അവരുടെ തലവനായ ബുക്കർ വാഷിംഗ്ടൻെറ ഉപദേശത്തിൻകീഴിലാണ് അവരുടെ ശ്രമങ്ങൾ എല്ലാം ചെയ്തുവരുന്നതു്. അമേരിക്കയിൽ ൩൨ ബാങ്കുകൾ നീഗ്രോജാതിക്കാർ സ്വന്തമായി നടത്തിവരുന്നു. ൨൫,000 പള്ളികൾ അവരുടെ വകയായിട്ടുണ്ട്.

ചീനയിൽ മുസൽമാൻമതത്തിൽ വളരെ പ്രചാരമുണ്ട്. ചീനരാജ്യത്തു ഇസ്‌ലാംമതക്കാരുടെ സംഖ്യ മൂന്നരക്കോടിയിൽ ഒട്ടും കുറകയില്ലെന്നു ഒരു ക്രിസ്ത്യൻപാതിരി പ്രസ്താവിച്ചുകാണുന്നു.

ബ്രിട്ടീഷ് ഇന്ത്യയിൽ ജപ്പാനക്കാർ അഞ്ഞൂററി അധികം ജനങ്ങൾ ഉണ്ട്.

കാശിയിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചുകിട്ടുവാൻ നമ്മുടെ ചക്രവർത്തിമഹാരാജാവുതിരുമനസ്സിലേക്കു ഒരു ഹർജി പലയോഗ്യന്മാരും ഒപ്പിട്ട് തയ്യാറാക്കിവരുന്നുണ്ട്.

ബോംബ് എറിയുന്നവരും മററും തീവണ്ടിയിൽ ൧-ാം ൨-ാം ക്ലാസ്സുകാരുടെ നേരെയാണ് അവരുടെ ലക്ഷ്യം പ്രധാനമായി വെച്ചു കാണുന്നതു്. അതുകൊണ്ടു ഇനിമേലിൽ മൂന്നാംക്ലാസ്സുവണ്ടികൾ

ന്നോറെതിരിച്ചറിവാൻ പാടില്ലാത്തവിധം എല്ലാ വണ്ടികൾക്കും ഒരേമാതിരി ചായം ഇടുവാൻ ഇന്ത്യയിലുള്ള റെയിൽവേക്കമ്പനിക്കാർ ആലോചിച്ചുവരുന്നുണ്ട്.

മദ്ധ്യഇന്ത്യയിൽ ഭോപ്പാൾ എന്ന രാജ്യം ഭരിച്ചുവരുന്ന ഇപ്പോഴത്തെ രാജ്ഞി ബീഗംസുൽത്താൻ ജഹാൻ വളരെ സാമൎത്ഥ്യത്തോടുകൂടി കാൎയ്യങ്ങൾ അന്വേഷിച്ചുവരുന്നതുകൊണ്ടു ബ്രിട്ടീഷിൽനിന്നു പല സ്ഥാനമാനങ്ങളും അവിടേക്കു നൽകിട്ടുണ്ട്. ഇതോടുകൂടി മൂന്നുതലമുറയായി ഈ രാജ്യം ഭരിച്ചുവരുന്നതു സ്ത്രീകളാകുന്നു.

ചിറക്കൽ താസിൽദാർ കണ്ണോത്തു കുഞ്ഞിരാമൻ അവർകളെ മംഗലപുരം ഡിപ്പ്യൂട്ടി കലക്ടരായി നിശ്ചയിച്ചിരിക്കുന്നു. കുഞ്ഞിരാമൻ അവർകൾ നല്ല പ്രാപ്തനും ഉദ്യോഗം ഭരിച്ച സ്ഥലങ്ങളിലെല്ലാം ജനങ്ങൾക്കു വളരെ തൃപ്തി നൽകീട്ടുള്ള ആളും ആകുന്നു. ഇദ്ദേഹം തീയ്യരുടെ ഇടയിൽ ആറാമത്തെ ഡിപ്പ്യൂട്ടികലക്ടരാണ്. ചൃയ്യി കണാരൻ അവർകൾ, ഉപ്പോട്ടു കണ്ണൻ അവർകൾ, ചൃയ്യി കുഞ്ഞിക്കണ്ണൻ അവർകൾ, റായിബഹദൂർ പി- വേലായുധൻ അവർകൾ, കെ- ചാത്തൻ അവർകൾ ഇങ്ങിനെ അഞ്ചാളുകൾ മിസ്റ്റർ. കുഞ്ഞിരാമനു മുമ്പ് ഡിപ്പ്യൂട്ടികലക്ടർ ഉദ്യോഗം ഭരിച്ചിട്ടുണ്ട്.

വടക്കെ ഇന്ത്യയിൽ പുരി എന്ന സ്ഥലത്തുള്ളതും എത്രയോ പ്രസിദ്ധപ്പെട്ടതുമായ ഭുവനേശ്വരക്ഷേത്രം കുറെദിവസം മുമ്പു മുഴുവൻ കത്തിപ്പോയതായി മദ്രാശിമെയിലിൽ പ്രസിദ്ധം ചെയ്ത ഒരു കമ്പിവൎത്തമാനംകൊണ്ടറിഞ്ഞു ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു.

ആലിപ്പൂര് കൊലക്കേസ്സു നടത്തിയ ഗവൎമ്മെന്റുവക്കീൽ ബാബു ബിസ്വാസ് അവർകളെ പെട്ടെന്നു ഒരുവൻ കോടതിയിൽ വെച്ചു വെടിവെച്ചുകൊന്നുവല്ലൊ. അദ്ദേഹത്തിന്റെ വിധവയ്ക്കും മക്കൾക്കും ഗവൎമ്മെന്റിൽനിന്നു ൧൨൦൦- ഏക്കർ വിസ്താരമുള്ള ഭൂമി സൎവ്വമാന്യമായി കൊടുത്തിരിക്കുന്നു.

മദ്രാശി പ്രസിഡൻസികോളേജ് വാദപ്രതിവാദസംഘത്തിന്റെ ഈയിടെ ഉണ്ടായ ഒരു യോഗത്തിൽ ബഹുമാനപ്പെട്ട സി- ശങ്കരൻനായർ അവർകളായിരുന്നു സഭാനാഥനായിരുന്നതു. ഇപ്പോൾ ആചരിച്ചുവരുന്ന വിധത്തിലുള്ള ഹിന്തുമതം ഇന്ത്യക്കാരുടെ വൎദ്ധനക്കു വളരെ തടസ്ഥം ഉണ്ടാക്കുന്നതാണെന്നും ആകപ്പാടെ ആലോചിച്ചാൽ തന്റെ അഭിപ്രായത്തിൽ ഉയൎന്നജാതിക്കാരായി കരുതപ്പെടാത്ത ഹിന്തുക്കൾക്കു ഒന്നായി മുസൽമാൻമതം അനുസരിക്കുന്നതാണ് നല്ലതെന്നും അദ്ദേഹം പ്രസംഗത്തിൽ പ്രസ്താവിച്ചുകാണുന്നു.

ബറോഡയിലെ ഗയിക്ക്വാർമഹാരാജാവു് അവർകൾ മഹാരാജ്ഞിസമേതം ഈ മാർച്ച് ൨൫-ാംനു- ജാപ്പാനിലേക്കു ബോംബായിൽനിന്നു കപ്പൽ കയറീട്ടുണ്ടായിരിക്കുന്നു. ഇവർ പോകുന്ന മദ്ധ്യേ ചീനത്തിൽ അനേകക്ഷേത്രങ്ങളെ സന്ദർശിക്കുമെന്നും ഈ യാത്രയാക്കീട്ടുണ്ടായിരുന്നു. ഇനി ഏഴെട്ടുമാസം കഴിഞ്ഞതിനുശേഷം മാത്രമെ മടങ്ങിവരികയുള്ളൂ. മഹാരാജാവവർകളുടെ ഒന്നിച്ച് ഒരു മകളും പോയിട്ടുണ്ട്.

കേരളീയനായർസമാജത്തിന്റെ ഇക്കൊല്ലത്തെ പൊതുയോഗം മേടത്തിൽ തിരുവിതാംകൂറിൽ തക്കലെ എന്ന സ്ഥലത്തുവച്ചു കൂടുന്നതും മദ്രാസ് ഹൈക്കോടതി ജഡ്ജി ആയ ബഹുമാനപ്പെട്ട സി. ശങ്കരൻനായർ അവർകൾ ആ സഭയിൽ അഗ്രാസനം വഹിക്കുന്നതുമാകുന്നു.

---

## പത്രാധിപക്കുറിപ്പുകൾ.

---

### ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ ൬-ാമതു വാർഷികപൊതുയോഗം.

---

ഇതിനെസംബന്ധിച്ചു മീനം ൨൫-ാംനു- മയ്യഴിയിൽ കൂടിയ ഒരു പ്രാരംഭയോഗത്തിന്റെ പ്രൊസിഡിംഗ്സ് ഞങ്ങൾ മറ്റൊരു ദിക്കിൽ ചേർത്തിട്ടുണ്ട്. അതിൽ കാണുന്നപ്രകാരം ഈ മേടം ൨൦-ം ൨൧-ം തീയതികളിൽ ഈ മഹായോഗം കൂടുന്നതിനു വേണ്ടുന്ന ഒരുക്കങ്ങൾ മയ്യഴിയിൽ ഉത്സാഹപൂർവ്വം നടന്നുവരികയാകുന്നു. യോഗത്തിൽ പതിവുപോലെ യോഗത്തിന്റെ ഭരണസംബന്ധമായ കാര്യങ്ങൾക്കു പുറമെ സമുദായത്തിന്റെ പൊതുവിലുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പറ്റിയ പര്യാലോചനകളും പല മാന്യന്മാരുടെയും പ്രസംഗങ്ങളും മറ്റും ഉണ്ടായിരിക്കുന്നതാണ്. ഇക്കുറി യോഗത്തിന്റെ അദ്ധ്യക്ഷസ്ഥാനം കോഴിക്കോട്ടു എം. ആർ. കേളപ്പൻ അവർകൾ വഹിക്കുന്നതാകുന്നു. ഇദ്ദേഹത്തിന്റെ പേർ മലബാറിൽ പ്രസിദ്ധമാണെങ്കിലും കൊച്ചിയിലും തിരുവിതാംകൂറിലുമുള്ള

സ്വജനങ്ങളിൽ അധികംപേർ ഇദ്ദേഹത്തെപ്പറ്റി അറിഞ്ഞിരിപ്പാൻ ഇടയില്ലെന്നു വിചാരിക്കുന്നു. ഇദ്ദേഹം കോഴിക്കോട്ടു ഒരു മാന്യതീയ്യകുടുംബത്തിലെ കാരണവരും വളരെക്കാലം ഒരു ഡിസ്ട്രിക്ട് കോർട്ട് ശിരസ്തദാരായും ഡിസ്ട്രിക്ട് മുൻസിഫായും ഇരുന്നു. ഗവർമ്മെന്റിനാൽ പ്രശംസിക്കപ്പെടത്തക്കവണ്ണം ഏറ്റവും തൃപ്തികരമാംവണ്ണം ജോലിനോക്കി പലകൊല്ലങ്ങൾക്കുമുമ്പ് പെൻഷൻവാങ്ങീട്ടുള്ള ഒരു ഉദ്യോഗസ്ഥനാകുന്നു. ഇദ്ദേഹത്തിനിപ്പോൾ നാ വയസ്സുണ്ട്, താനിപ്പോൾ കോഴിക്കോട്ട് മുനിസിപ്പാലിറ്റിയിലും താലൂക്കബോർഡിലും ഡിസ്ട്രിക്ട് ബോർഡിലും ഒരു മെമ്പരാകുന്നു. ഇദ്ദേഹത്തിന്റെ അനേകവിധമായ കൃത്യനിഷ്ഠ, സത്യസന്ധത മുതലായ ഗുണങ്ങൾ ഉയർന്നതും താണതുമായ എല്ലാത്തരം ജനങ്ങളുടേയും ഇടയിൽ പ്രസിദ്ധമാകുന്നു. ഇതിനു പുറമെ ഒരു നല്ല സ്വജാതിസ്നേഹിയും സ്വമതസ്നേഹിയും കൂടിയായ ഇദ്ദേഹത്തെ നമ്മുടെയോഗത്തിലേക്ക് ഈ തവണത്തെ പ്രസിഡണ്ടായി തിരഞ്ഞെടുത്തതു് എന്തുകൊണ്ടും അത്ര അയോഗ്യമായെന്നു് ഞങ്ങൾ വിചാരിക്കുന്നില്ലാ. മിസ്റ്റർ കേളപ്പൻ തന്റെ പരിഷ്കൃതമായ മനോഗുണങ്ങളെയും വളരെക്കാലത്തെ ലോകപരിചയത്താൽ പരിപക്വമായ ബുദ്ധിശക്തിയേയും സ്വജനങ്ങളുടെ നന്മയെ ഉദ്ദേശിച്ച് വിനിയോഗിപ്പാൻ തനിക്കു കിട്ടിയിരിക്കുന്ന ഈ സന്ദർഭത്തെ വേണ്ടവണ്ണം ഉപയോഗിക്കുമെന്നും, യോഗത്താൽ നൽകപ്പെട്ടിരിക്കുന്ന ഈ മാന്യസ്ഥാനത്തിൽ തന്റെ കൃത്യങ്ങളെ തനിക്കും സമുദായത്തിനും അഭിമാനകരമാംവണ്ണം ശരിയായി നിർവഹിക്കുമെന്നും ഞങ്ങൾ നിസ്സംശയം വിശ്വസിക്കുന്നു.

---

## കോഴിക്കോട്ടു ക്ഷേത്രപ്രതിഷ്ഠ.

---

കഴിഞ്ഞ രണ്ടുകൊല്ലങ്ങൾക്കു മേലായി കോഴിക്കോട്ടു സ്വജനങ്ങളുടെ വകയായി പണിനടന്നുവരുന്ന ക്ഷേത്രത്തെപ്പറ്റി അറിഞ്ഞിട്ടില്ലാത്തവർ വിവേകോദയം വായനക്കാരുടെ ഇടയിൽ ചുരുക്കും. തീയ്യരുടെ വകയായി ഇതുവരെ സ്ഥാപിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ ഒന്നാം സാമഗ്രികളുടെ ഉറപ്പുകൊണ്ടും കരകൗശലാഡംബരങ്ങൾകൊണ്ടും ആകപ്പാടെയുള്ള മതിപ്പുകൊണ്ടും ഈ ക്ഷേത്രത്തോടൊട്ടേകദേശമെങ്കിലും തുല്യമായിരിക്കുന്നുള്ളവസ്തു ഇതിനെ കാണ്മാൻ ഇടയായിട്ടില്ലാത്തവരുടെ അറിവിന്നായി ഞങ്ങൾ സന്തോഷപൂർവ്വം പ്രസ്താവിച്ചുകൊ

ളുന്നു. ഇതിന്റെ പണി ഇതുവരെ പൂർത്തിയായിട്ടില്ല. വൃത്താകൃതിയിൽ അതിഗംഭീരമായി രണ്ടു നിലയിലുള്ള ശ്രീകോവിലിന്റെ പണി (മേച്ചിടുന്നതൊഴിച്ചു) മിക്കവാറും തീർന്നുകഴിഞ്ഞിരിക്കുന്നു. അതുപോലെ സുബ്രഹ്മണ്യക്ഷേത്രവും മറ്റു ചില ഉപദേവതാലയങ്ങളും കൂടി ഇപ്പോൾ പണി തീർന്നിട്ടുണ്ട്. ബലിക്കൽപ്പുര, അഗ്രശാല മുതലായതിന്റെ അസ്ഥിവാരപ്പണി ആരംഭിച്ചിരിക്കുന്നു. കല്ലുകഴിച്ചു തുടങ്ങിയിരിക്കുന്നു എങ്കിലും കെട്ടിത്തുടങ്ങീട്ടില്ല. വിശാലമായ നാലമ്പലത്തിന്റെയും പുറമതിലിന്റെയും മറ്റും പണികൾ ഇതേവരെ ആരംഭിച്ചിട്ടില്ല. എങ്കിലും എല്ലാംകൂടി പൂർത്തിയായാലുള്ള ഗംഭീരത ഇതിന്റെ ഇപ്പോഴത്തെ നിലയിൽനിന്നുതന്നെ ഏതാണ്ടു ഊഹിക്കാവുന്നതാണ്".

ഇതിലെ പ്രതിഷ്ഠാകലശമഹോത്സവം ഈ മേടം ൨൯-ാംനു- നടത്താൻ നിശ്ചയമാക്കിയിരിക്കുന്ന വിവരം ഞങ്ങൾ സ്വജനങ്ങളിൽ എല്ലാവരേയും സന്തോഷപൂർവ്വം അറിവിച്ചുകൊള്ളുന്നു. പ്രതിഷ്ഠയുടെ ഒരുക്കങ്ങൾ അതികേമമായി നടന്നുവരുന്നു. പലദിക്കിൽനിന്നും അനേകായിരം ജനങ്ങൾ അന്നവിടെ എത്തിച്ചേരുമെന്ന് വിചാരിക്കപ്പെട്ടിരിക്കുന്നു. പ്രതിഷ്ഠ ചെയ്വാൻ ബ്രഹ്മശ്രീ നാരായണഗുരുസ്വാമിപാദങ്ങളെ ക്ഷണിപ്പാൻ മ-രാ-രാ രാരിച്ചൻമൂപ്പൻ അവർകൾ തന്നെ ശിവഗിരിമഠത്തിലേക്കു പുറപ്പെട്ടിരുന്നതും സ്വാമിപാദങ്ങൾ കോഴിക്കോട്ടു മുൻകൂട്ടി സന്നിഹിതരായിരിക്കുന്നതുമാകുന്നു. മേടം ൨൯-ാംനു- കാലത്തു ക്ഷേത്രത്തിൽ പണിതീർത്തുവച്ചിരിക്കുന്ന ശിവലിംഗത്തെ രഥാരോഹണം ചെയ്യിപ്പിച്ചു അതികേമമായ ആഡംബരങ്ങളോടുകൂടി ഘോഷയാത്ര ചെയ്തു പ്രതിഷ്ഠാസ്ഥലത്തേക്കു കൊണ്ടുപോകുന്നതാണ്. സ്ഥലത്തെ സമുദായത്തിലുള്ള സകലജനങ്ങളേയും ഈ ഘോഷയാത്രയിൽ സംബന്ധിപ്പാൻ ക്ഷേത്രഭാരവാഹികൾ ക്ഷണിച്ചിരിക്കുന്നു. പ്രതിഷ്ഠ ൨൯-ാംനു- രാത്രി ആയിരിക്കും. സമുദായത്തിൽ പലസ്ഥലങ്ങളിലുമുള്ള മാന്യന്മാരേയും മൂപ്പൻ അവർകൾ തന്നെ പ്രത്യേകം ക്ഷണിക്കുന്നതാകുന്നു. മച്ചുഴിയിൽവച്ചു കൂടാൻ പോകുന്ന പൊതുയോഗം മേടം ൨൭-ം ൨൮-ം തീയതികളിൽ നിശ്ചയിച്ചതു വിശേഷിച്ചും ദൂരദേശങ്ങളിൽനിന്നും വരുന്ന സ്വജനങ്ങൾക്കു യോഗത്തിലും പ്രതിഷ്ഠാമഹോത്സവത്തിലും സംബന്ധിപ്പാനുള്ള സൗകര്യത്തെ ഉദ്ദേശിച്ചാകുന്നു. സമുദായത്തിന്റെ അഭ്യുദയത്തെ ഉദ്ദേശിച്ചുള്ള ഈ രണ്ടു ഗൗരവമേറിയ സംഗതികളും വളരെ കേമമായും മംഗലമായും പര്യവസാനിക്കുമെന്നു ഞങ്ങൾ വിശ്വസിക്കയും അങ്ങിനെ പര്യവസാനിപ്പാൻ ഈശ്വരനെ പ്രാർത്ഥിക്കയും ചെയ്യുന്നു.

# The S. N. D. P. Yogam.
## Permenent-Fund.

# ശ്രീ. നാ. ധ. പ. യോഗം
## ശാശ്വതനിധി.

മേൽ കാണുന്ന പേരിൽ തിരുവനന്തപുരത്തു എസ്. എൻ. ഡി. പി. യോഗത്തിന്റെ കീഴിൽ ഒരു ഫണ്ട് സ്ഥാപിക്കുന്നതിനെപ്പറ്റി സ്ഥലത്തെ ധനവാന്മാരും മാന്യന്മാരുമായ യോഗാംഗങ്ങളുടെ ഒരു മീറ്റിങ്ങ് കഴിഞ്ഞകുംഭം ൨-ാനു- യോഗം ആഫീസിൽകൂടുകയും വേണ്ട ആലോചനകൾ നടത്തിയശേഷം ഈ വരുന്ന പൊതുയോഗത്തിൽനിന്നു സമ്മതം വാങ്ങി ഉടനെ ഫണ്ടുസ്ഥാപിക്കേണമെന്നു തീർച്ചയാക്കുകയും ചെയ്തിരിക്കുന്നു. ഈ ഫണ്ട് കമ്പനിആക്റ്റിൻപ്രകാരം പ്രത്യേകം രജിസ്റ്റർചെയ്യപ്പെടുന്നതും പ്രത്യേക ഡയറക്ടരന്മാരുടെ ഭരണത്തിൽ പ്രത്യേകം നടത്തപ്പെടുന്നതുമാകുന്നു. ഇതിന്റെ ഉദ്ദിഷ്ടമൂലധനം തൽക്കാലം ഒരു ലക്ഷം ഉറുപ്പികയിൽകുറയാത്ത ഒരു സംഖ്യയായിരിക്കും. ഇതിന്റെ ലാഭത്തിൽ ഭൂരിഭാഗവും വിദ്യാഭ്യാസസംബന്ധമായ ധനസഹായംവകയ്ക്കായി യോഗത്തിന്റെ പൊതുഫണ്ടിലേക്കു കൊടുക്കുന്നതാകുന്നു. ഇതിൽ ഓഹരിക്കാരായിരിക്കുന്നതു മിക്കവാറും തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ ഉള്ളവർ മാത്രമായിരിക്കുമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. പുറത്തുള്ളവർക്കു ഓഹരി എടുക്കുന്നതു അത്ര ആദായകരവും സൌകര്യവുമല്ലാത്തതിനാൽ മാത്രം ഇപ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നതാകുന്നു. ഇതിൽ ഒരോഹരി എടുക്കുന്ന ആൾ പ്രതിമാസം ഒരു ഉറുപ്പിക ഫണ്ടിലേക്കു അടയ്ക്കേണ്ടതും അപ്രകാരം മുടക്കംകൂടാതെ ൭- കൊല്ലം അടച്ചുകഴിഞ്ഞാൽ നൂറു ഉറുപ്പികയിൽ കുറയാത്ത ഒരു സംഖ്യ ആയാൾക്കു ഫണ്ടിൽനിന്നു കൊടുക്കുന്നതുമാണ്. ഇതിനുംപുറമെ ഒരു ഓഹരിക്കാരനു നൂറു ഉറുപ്പിക ഫണ്ടിൽനിന്നു കടം ചോദിക്കാൻ അവകാശമുള്ളതും അതിനു നൂറിനു ആര കണ്ടുള്ള പലിശ നല്ല ഉറപ്പിന്മേൽ അയാൾക്കു ഫണ്ടിൽനിന്നു പണം കടംകൊടുക്കുന്നതുമാകുന്നു. ഇങ്ങിനെ കടംവാങ്ങാവുന്ന സൌകര്യമാണ് ഇതിന്റെ പ്രധാനഗുണം. പത്തോഹരി എടുത്തിട്ടുള്ള ഒരാൾക്കു ആയിരം ഉ

രൂപ്പിക ആദ്യംമുതൽക്കുതന്നെ ഫണ്ടിൽനിന്നു കടമായിട്ടെടുക്കാവുന്നതും പ്രതിമാസം അയാൾ കൊടുക്കേണ്ടിയുള്ള പത്തു ഉറുപ്പികക്കുപുറമെ പലിശയായി അഞ്ചു ഉറുപ്പികകൂടി ചേർത്തു മാസം ൧൫- ക വീതം കൊടുത്തുകൊണ്ടിരുന്നാൽ എട്ടുകൊല്ലംകൊണ്ടു ആയിരംഉറുപ്പികയുടെ കടവും തീർന്നുപോകുന്നതും, ആ സംഖ്യ അവൻറെ സമ്പാദ്യമായി തീരുന്നതുമാകുന്നു. ഈ സൌകര്യം മററുയാതൊരേർപ്പാട്ടിൽനിന്നും ഉണ്ടാകുന്നതല്ല. കുറിയിൽച്ചേരുക മുതലായ യാതൊന്നും ഇതിനോടു തുല്യമാകുന്നതോ ഇത്ര രക്ഷയുള്ളതോ ആയ ഏർപ്പാടല്ല. ഇതിനുപുറമെ ഒരു ഓഹരിക്കാരൻ അടച്ചിട്ടുള്ള പണത്തിന്നുള്ളിൽ ഉള്ള ഒരു സംഖ്യ അയാൾക്കു ആവശ്യപ്പെടുമ്പോൾ അയാളുടെ പ്രാംസറിനോട്ടിൻപ്രകാരം അരപ്പലിശയ്ക്കു കടംകൊടുക്കുന്നതാണ്. കൂടാതെയും ഒരോഹരിക്കാരന് എപ്പോഴെങ്കിലും പിൻവലിക്കാവുന്നതും അപ്പോൾ അയാൾ അടച്ചിട്ടുള്ള പണം ഫണ്ടിൽനിന്നും തിരിയെകൊടുക്കുന്നതും ആകുന്നു. നൂററിനു ഒന്നും ഒന്നേകാലും ഒന്നരയും പലിശയ്ക്കു പണം കടംവാങ്ങി കല്യാണങ്ങളും മററും നടത്തി അനേകം സജ്ജനങ്ങൾക്കു ഈ ഏർപ്പാടു ഒരു പരമാനുഗ്രഹമായി തീരുന്നതും, യോഗത്തിന്നു ഇതിൽനിന്നു ഗണ്യമായ ആദായമുണ്ടാകുന്നതും ആണ്. ഇതു മദ്രാസിലെ ഹിന്ദു പെർമനെൻറു ഫണ്ടിൻറയും മധുരയിലും മററും തിരുവനന്തപുരത്തുതന്നെയും ഏറിയകാലമായി സ്ഥാപിച്ചു നടത്തിവരുന്ന പെർമനൻറു ഫണ്ടുകളുടേയും മാതൃകയെ അനുസരിച്ചുള്ളതു. അതുകൊണ്ടു ഇതിൻറെ രക്ഷയേയും ഗുണത്തേയുംപററി ജനങ്ങൾക്കു ഏതാണ്ടു ഊഹിക്കാവുന്നതുമാണ്. നമ്മുടെ ഫണ്ടിനുള്ള വിശേഷം ഫണ്ടിൻറെ ലാഭത്തിൻ മുഖ്യഭാഗം യോഗത്തിന്നു പോകുന്നതുതന്നെ. മററുഫണ്ടുകളിൽ ലാഭം ഡയറക്ടർമാരും ഓഹരിക്കാരുമായി ഭാഗിച്ചെടുക്കയാകുന്നു.

തിരുവനന്തപുരത്തു ഈ ഫണ്ടു സ്ഥാപിച്ചു തൃപ്തികരമായി നടന്നുവരുന്നതുകണ്ടാൽ മററുസ്ഥലങ്ങളിലും സജ്ജനങ്ങൾ ഇതിലേക്കായി ഉത്സാഹിക്കയും അപ്രകാരം കൊല്ലം ആലപ്പുഴ മുതലായി ഓരോസ്ഥലങ്ങളിലും മലബാറിലും ഈ മാതിരി സ്ഥാപനങ്ങൾ വ്യാപിക്കയുംചെയ്യുമെന്നും, അതു ജനങ്ങൾക്കു വളരെ ഗുണപ്രദമായിത്തീരുന്നതുകൂടാതെ യോഗത്തിൻറെ പ്രവൃത്തികൾക്കു വളരെ സൌകര്യപ്രദമായിരിക്കുമെന്നും വിചാരിക്കപ്പെട്ടിരിക്കുന്നു. ഈ മേടിൽപറഞ്ഞ ഉദ്ദേശ്യമാണ് ഇതിൻറെ പ്രവർത്തകന്മാരെ ഇതിലേക്കു മുഖ്യമായും പ്രേരിപ്പിച്ചതു.

# പലവക.

ബ്രഹ്മശ്രീ നാരായണഗുരുസ്വാമിഅവർകൾ കോഴിക്കോട്ടെ ക്ഷേത്രപ്രതിഷ്ഠ സംബന്ധിച്ചു വീണ്ടും താമസിയാതെ മലബാറിലേക്കു പുറപ്പെടുന്നതാകുന്നു.

കുളത്തൂർ കോലത്തുകരക്ഷേത്രത്തിലെ ആറാട്ടുത്സവം ഈ മീനം ൧൭-ാം൹ ക്ഷേമമായും മംഗളമായും അവസാനിച്ചിരിക്കുന്നു. സ്വാമിതൃപ്പാദങ്ങൾ ഉത്സവദിവസങ്ങളിൽ സ്ഥലത്തു സന്നിഹിതരായിരുന്നു.

ഡാക്ടർ പല്പു അവർകൾ ഒന്നിച്ചു രാമേശ്വരത്തു തീർത്ഥസ്നാനത്തിനു പോയിരുന്ന അദ്ദേഹത്തിന്റെ മാതാവു സുഖമായി ഇവിടെ മടങ്ങിയെത്തുകയും അദ്ദേഹം മൈസൂർക്കു മടങ്ങിപ്പോകയും ചെയ്തിരിക്കുന്നു.

തിരുവനന്തപുരത്തു എസ്. എൻ. ഡി. പി. യോഗത്തിന്റെ കീഴിൽ സമുദായത്തിലെ ധനികന്മാരും മാന്യന്മാരുമായ യോഗാംഗങ്ങൾ ചേർന്നു ഒരു ലക്ഷം ഉറുപ്പികയിൽകുറയാത്ത ഉദ്ദിഷ്ടമൂലധനത്തിൽ ഒരു പെർമനൻറുഫണ്ടു സ്ഥാപിച്ചുനടത്താനും അതിന്റെ ലാഭത്തിന്റെ അധികഭാഗവും യോഗത്തിനു വിട്ടുകൊടുപ്പാനും തീർച്ചയാക്കിയിരിക്കുന്നു.

മദ്രാസ് മെഡിക്കൽ കാളേജിൽ എം. ബി. സി. എം. ക്ലാസിൽ മൂന്നുകൊല്ലത്തിനുമേലായി പഠിച്ചുവരുന്ന മിസ്റ്റർ കേ. ഭരതൻ തനിക്കു എഡിൻബറായിൽപോയി ഒരു പരീക്ഷ പാസ്സായിവരുന്നതിലേക്കായി ധനസഹായം ചെയ്വാൻ എസ്. എൻ. ഡി. പി. യോഗത്തോടപേക്ഷിച്ചിരിക്കുന്നു.

കോട്ടയം ആചാരസമാജത്തിന്റെ ഒരു ശാഖാസമാജം ഈയിടെ പീരുമേട്ടിൽ ടി സമാജം ഏജൻറായി മിസ്റ്റർ കേ. കിട്ടൻ മുതലായവരുടെ ഉത്സാഹത്തിൽ സ്ഥാപിച്ചിരിക്കുന്നു. ഈ കഴിഞ്ഞ കുംഭം ൧൯-ാനു കൂടിയ ആ സമാജത്തിന്റെ പ്രാരംഭയോഗത്തിൽ നടന്ന പല സംഗതികളുടെ ഇടയിൽ ഒന്നു കോട്ടയത്തു സ്വജനങ്ങളുടെ വകയായി ഒരു ക്ഷേത്രം സ്ഥാപിക്കേണ്ടതിനെപ്പറ്റിയ ആലോചനയാകുന്നു. ഇതിലേക്കായി ഇപ്പോൾ അവർ ഒരു വരിപിരിച്ചുതുടങ്ങിയിരിക്കുന്നു. പാമ്പാടി എന്ന സ്ഥലത്തും ഒരു സമാജംസ്ഥാപിക്കുന്നതിനും ഒരു മഠം പണിയുന്നതിനും ആലോചനനടന്നു എന്നു കോട്ടയംസമാജം സിക്രട്ടറി കേ. എസ്.

ശങ്കരനവർകൾ എഴുതുന്നു. സമാജത്തിന്റെ റിപ്പോർട്ടുമുഴുവൻ പ്രസിദ്ധപ്പെടുത്താൻ സ്ഥലമില്ലാത്തതിൽ വ്യസനിക്കുന്നു.

കുമരകം ഈഴവസമാജം ഖജാൻജിയായ മുത്തൂട്ടേരി വേലുപ്പണിക്കർ അവർകൾ കഴിഞ്ഞ കുംഭം ൨൯-ാം- കാലധർമ്മം പ്രാപിച്ചിരിക്കുന്നതായി ടി സമാജം സിക്രട്ടറി അറിയിച്ചിരിക്കുന്നു. ഞങ്ങൾ ഇദ്ദേഹത്തിന്റെ മരണത്തെപ്പററി ഏററവും അനുതപിക്കുന്നു.

കുടിശ്ശികയുള്ള യോഗാംഗങ്ങളിൽ ഒരാളിന്റെമേൽ നംബർ പതിക്കയും അതു യോഗത്തിനു ഗുണമായ വിധത്തിൽ രാജിയായി തീർക്കയും ചെയ്തതായി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇപ്പോൾ മുപ്പതിൽ അധികം കുടിശ്ശികക്കാരായ അംഗങ്ങൾക്കു യോഗത്തിൽനിന്നു ഡിമാൻഡ്നോട്ടീസ് കൊടുക്കയും ഇവരിൽ ചിലർ ഉടനെ കുടിശ്ശിക തീർപ്പാൻ ഒരുക്കമുള്ളതിനാൽ നംബർ പതിക്കരുതെന്നു യോഗത്തോടു അപേക്ഷിക്കയും ചെയ്തിരിക്കുന്നു. കുടിശ്ശികക്കാർ ഇനിയും അമാന്തിച്ചാൽ അവരുടെ നഷ്ടത്തിനിടയാകുന്നതാണെന്നു വീണ്ടും അറിയിക്കുന്നു.

പരസ്യനമ്പ്ര ൨.

## അറിവിപ്പ്.

---

### ഒരു ക്ഷേത്രസ്ഥാപനം

വർക്കല ശിവഗിരിയിൽ സ്വജനങ്ങളുടെ പൊതു ഉപയോഗത്തിനും നന്മക്കുംവേണ്ടി ശാശ്വതമായ ഒരു ദേവാലയവും സംസ്കൃത വിദ്യാമന്ദിരവും സ്ഥാപിക്കണമെന്നു് ആഗ്രഹിക്കുന്നതിനാൽ ആ ചെലവുകൾക്കായി മനസ്സും ശക്തിയും ഉള്ള സുഹൃത്തുകളോട് ഓരോ ഉറുപ്പിക സംഭാവനയായി ആവശ്യപ്പെട്ടുകൊള്ളുന്നു. ഈ സംഖ്യയെ പിരിക്കുന്നതിനു നമ്മുടെ മുദ്രയുള്ള ലിസ്റ്റുകളുംകൊടുത്തു ഇവിടെനിന്നും വിശ്വസ്തന്മാരായ ആളുകളെ നിയമിച്ചയയ്ക്കുന്നതാണ്. അവരെ ടി. സംഖ്യ ഏല്പിച്ചു ലിസ്റ്റിൽ ഒപ്പുവച്ചു് അയച്ചുതരികയും, അധികമായി വല്ല സംഖ്യയും ഇതിലേയ്ക്കു് ദാനം ചെയ്വാൻ പ്രത്യേകം വിചാരിക്കുമ്പോൾ വിവരം ഇവിടെ തെര്യപ്പെടുത്തുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു.

ശിവഗിരിമഠം വർക്കല. | നാരായണഗുരുസ്വാമി.
൧൦൮൯- ചിങ്ങം ൧൨-ാം- |

ഈ വരുന്ന എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ഏഴാമത്തെ വാർഷികപൊതുയോഗത്തിൽ സംബന്ധിപ്പാൻ തിരുവിതാംകൂർ, കൊച്ചി, പാലക്കാട്, പൊന്നാനി മുതലായ ദിക്‌ദേശങ്ങളിൽനിന്നു വരുന്ന മാന്യയോഗാംഗങ്ങളുടെ വാസത്തിനും മററു സൌകര്യങ്ങൾക്കും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടിയിരിക്കുന്നതിനാൽ അങ്ങിനെ വരുന്നവർ ദയചെയ്തു തങ്ങളുടെ വരവിനെപ്പററി യോഗം ജനറൽ സിക്രട്ടറിമുഖേനയോ നേരിട്ടോ മുൻകൂട്ടി ഞങ്ങളെ രേഖമൂലം അറിയിപ്പാൻ അപേക്ഷ.

കെ. പത്മനാഭൻ.

1910- ഏപ്രിൽ 15.
മയ്യഴി.

എസ്. എൻ. ഡി. പി. യോഗം
സബ്കമ്മിററി സിക്രട്ടറി.

# പരസ്യങ്ങൾ.

൭-ാമത്തു പൊതുയോഗ സമ്മേളനം പ്രമാണിച്ചു എസ്സ്. എൻ. ഡി. പി. യോഗത്തിന്റെ ആപ്പീസ് ഈമാസം ൨൫-ാം- [illegible] മേയ് ൧൦-ാംനു- വരെ മയ്യഴിയിൽ ആയിരിക്കുന്നതിനാൽ യോഗത്തെ സംബന്ധിച്ചുള്ള സകല കത്തിടപാടുകളും പണമിടപാടുകളും താഴെക്കാണുന്ന മേൽവിലാസത്തിൽ വെച്ചേണ്ടിയിരിക്കുന്ന വിവരം ഇതിനാൽ എല്ലാവരേയും അറിവിച്ചിരിക്കുന്നു.

മേൽവിലാസം
എസ്. എൻ. ഡി. പി. യോഗം
ജനറൽസിക്രട്ടറി. മയ്യഴി.

യോഗം ജനറൽ സിക്രട്ടറി
എൻ. കുമാരൻആശാൻ.
15- 4- 10.

കൊല്ലം പെരിനാട്ട് നടുവിലച്ചേരിയിൽ കേട്ടിലഴികത്തു മിസ്റ്റർ എം. കേളുരാമൻ ഞങ്ങളുടെ ഏജന്റായി യോഗത്തിന്റെയും വിവേകോദയത്തിന്റെയും കുടിശ്ശികകളെ പിരിക്കുന്നതിനു ൧൦൮൫-മീനം ൧൦-ാംനു-മുതൽ പുറപ്പെട്ടിരിക്കുന്നതിനാൽ കാലതാമസത്തിനോ ബുദ്ധിമുട്ടിനോ ഇടവരുത്താതെ അവരവർ അടക്കേണ്ട പണമാകെ ദയവുചെയ്തു ടി. യാൻവശം യോഗംആപ്പീസു മുദ്രയും മാനേജരുടെയോ സിക്രട്ടറിയുടെയോ ഒപ്പുമുള്ള രസീതുംവാങ്ങി ഏല്പിച്ചയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നു അപേക്ഷ.

യോഗം ജനറൽസിക്രട്ടറി

# നോട്ടീസ്.

ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന്റെ ൭-ാമത്തെ വാർഷികപൊതുയോഗം ൧൦൮൫ മേടം ൨൭-൨൮- (9 & 10th May 1910) ഈ തീയതികളിൽ മയ്യഴിയിൽ (Mahe) സമുദ്രതീരത്തു പ്രത്യേകമലങ്കരിക്കപ്പെട്ട കോടതി ആഫീസ് കെട്ടിടത്തിൽവച്ചു, കോഴിക്കോട്ട്, (റിട്ടയർഡു മുൻസിഫ്) മ-രാ-രാ- ഏ. ആർ കേളപ്പൻ അവർകളുടെ അഗ്ര്യാസനതയിൽ കൂടുന്നതാകയാൽ ആ യോഗത്തിൽ നിങ്ങൾ ഹാജരാവാൻ ബഹുമാനപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

## വിഷയം.

I. സ്വാഗതക്കമ്മിറ്റിയുടെ പ്രസംഗം
II. അദ്ധ്യക്ഷന്റെ ആരംഭപ്രസംഗം
III. സിക്രട്ടറിയുടെ റിപ്പോർട്ട്
IV. ബാക്കിപത്രം (Balance Sheet)
V. ആഡിറ്ററുടെ റിപ്പോർട്ട്
VI. ഡയറക്ടർമാരേയും ഉദ്യോഗസ്ഥന്മാരേയും തിരഞ്ഞെടുപ്പു
VII. പുതിയ ബഡ്ജറ്റ്
VIII. നിശ്ചയങ്ങൾ
IX. യോഗത്തിന്റെയും സമുദായത്തിന്റെയും അഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള പ്രസംഗങ്ങൾ മുതലായവ
X. അദ്ധ്യക്ഷന്റെ അവസാനപ്രസംഗം

നിശ്ചയങ്ങളിൽ ഉപനിബന്ധനകളുടെ വല്ല വകുപ്പുകളിലും അത്യാവശ്യമായ വല്ല ഭേദഗതികളും വരുത്തുക, യോഗത്തിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു വല്ല പുതിയ സ്ഥാപനങ്ങളും ഏർപ്പെടുത്തുക, ഇവയും അന്തർഭവിക്കുന്നതായിരിക്കും.

ഖണ്ഡിതമായ കാര്യപരിപാടി (പ്രോഗ്രാം) ഒരാഴ്ച ചെല്ലുംമുമ്പു പ്രസിദ്ധപ്പെടുത്തും.

ജനറൽ സിക്രട്ടറി
എൻ കുമാരൻ ആശാൻ.

☞ പണം അടച്ചുതീരാത്ത യോഗാംഗങ്ങൾ ഈ കൊല്ലത്തിൽ അടയ്ക്കേണ്ട ഓഹരിപ്പണങ്ങളെ അടച്ചിട്ടില്ലാത്തപക്ഷം ഇപ്പോൾ അടയ്ക്കേണമെന്നു അറിയിക്കുകയും, കുടിശ്ശികയുള്ളവർ തങ്ങൾക്കും യോഗത്തിനും നഷ്ടവും അനൈക്യവും നേരിടാതിരിക്കത്തക്കവണ്ണം കുടിശ്ശികമുഴുവൻ ഉടനെ അടച്ചുതീർക്കണമെന്നു പ്രത്യേകം ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

N. K. A.